# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാവൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
(ഇ-മെയിൽ – dokkd.ksad@kerala.gov.in)

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/2669/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:05.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: മാവൂർ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.3/2669 /2018 തീയതി:05.01.2019

# കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017മുതൽ 21-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 30.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |

| | |
|---|---|
| ശ്രീ.മനോഹരൻ.എം. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.പ്രബോധ്കുമാർ.ഇ.എം | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈന.എ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ജിഷ.പി | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മുനീറത്ത്.സി. | 1.4.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ .എം.എ റഷീദ് | 1.4.2017മുതൽ 31.03.2018വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളീധരൻ.ഇ | 1-4-2017 മുതൽ 10.7.2017വരെ |
| | ശ്രീ.ടി.എം.വിനോദ് കുമാർ (ഇൻചാർജ്ജ്) | 11.7.2017 മുതൽ 9.8.2017 വരെ<br>9.10.2017 മുതൽ 13.11.2017 വരെ |
| | ശ്രീ.ഷമിൽ.ഇ. | 10.8.2017 മുതൽ 9.10.2017വരെ<br>14.11.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനീഷ്.എസ് | 1-4-2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അനിതാ ഭായ് | 1-4-2017മുതൽ 27.7.2017 വരെ |
| | ശ്രീമതി.സബീന (ഇൻചാർജ്ജ്) | 27.7.2017 മുതൽ 20.8.2017 വരെ |
| | ശ്രീമതി.സുലേഖാബി | 21.8.2017 മുതൽ 31.3.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.മിഥുല റോയ് | 1-4-2017 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ടെസ്സി മെറിൻ | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.റുമൈസ.പി.എം | 1-4-2017 മുതൽ 31-3-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിനയൻ.സി.ഒ | 1-4-2017മുതൽ 18.9.2017 വരെ |
| | ശ്രീ.മുഹമ്മദ് സഹീർ | 18.9.2017 മുതൽ 31.3.2018 വരെ |
| | ശ്രീ.റിജു.എം | 1-4-2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.എം.എ ജയശ്രീ | 1-4-2017 മുതൽ 23.8.2017 വരെ |
| | ശ്രീമതി.അഞ്ജു ആനന്ദ് | 23.8.2017 മുതൽ 31.3.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എം.മധു | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ആനി.ടി.എ | 1-4-2017 മുതൽ 31-3-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 11 | ക്യാഷ് സൂക്ഷിപ്പിലെ അപാകതകൾ | 2-1 |
| 12 | രസീതി സംബന്ധിച്ച അപാകതകൾ | 2-2 |
| 13 | വസ്തു നികുതി നിർണയം – വൻസാമ്പത്തിക നഷ്ടം | 2-3 |
| 14 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിയ്ക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 2-4 |
| 15 | കെട്ടിട നിർമ്മാണ ചട്ടം വ്യതിചലിച്ച് കെട്ടിടം ക്രമവത്കരിച്ച് നൽകിയതും, മറ്റ് അപാകതകളും | 2-5 |
| 16 | കെട്ടി നിർമ്മാണ അപേക്ഷകൾ കൃത്യമായ പരിശോധനയില്ലാതെ തീർപ്പാക്കുന്നു. | 2-6 |
| 17 | കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് ഉപയോഗതരം മാറുന്നതിന് അനുമതി നൽകിയതും മറ്റപാകതകളും | 2-7 |
| 18 | വാണിജ്യാവശ്യത്തിനായി അൺഓതറൈസ്ഡ് കെട്ടിട നമ്പർ നൽകി | 2-8 |
| 19 | തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ | 2-9 |

| | | |
|---|---|---|
| 20 | മത്സ്യ മാർക്കറ്റ് ലേലത്തുക അടവാക്കിയിട്ടില്ല | 2-10 |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ) – രേഖകൾ ക്രമപ്രകാരമല്ല. | 3-1 |
| 22 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – പൂർത്തീകരണം അനിശ്ചിതത്വത്തിൽ. | 3-2 |
| 23 | കുടിവെള്ള പദ്ധതി – കരാർ വെച്ച് ഗുണഭോകതൃ കമ്മിറ്റിക്ക് കൈമാറിയില്ല – ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത | 3-3 |
| 24 | വൃദ്ധർക്ക് കട്ടിൽ – വിതരണം ചെയ്യുന്നതിന്റെ രേഖകളില്ല. | 3-4 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർവഹണത്തിലെ അപാകതകൾ. | 3-5 |
| 26 | പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി – പദ്ധതി നിർവഹണത്തിലെ അപാകതകൾ. | 3-6 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി – ഫണ്ട് വിനിയോഗം സംബന്ധിച്ച്. | 3-7 |
| 28 | ബഡ്സ് സ്കൂളിലേക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ: പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-8 |

| | | |
|---|---|---|
| | | |
| 29 | പട്ട്യേരിക്കുന്ന് അങ്കണവാടി നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകിയത് പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-9 |
| 30 | കാർഷിക മേഖലയിൽ സമഗ്ര പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നില്ല. | 3-10 |
| 31 | സ്പിൽ ഓവർ പ്രോജക്ടുകൾ – സ്പിൽ ഓവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കിയില്ല. | 3-11 |
| 32 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച. | 3-12 |
| 33 | ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നല്ല. | 3-13 |
| 34 | ശമ്പള പരിഷ്കരണ കുടിശ്ശിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 3-14 |
| 35 | ഡിപ്പോസിറ്റ് പ്രവൃത്തി – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-15 |
| 36 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട്/ ക്യാഷ്ബുക്കിൽ വരവുചെലവു രേഖപ്പെടുത്തിയില്ല. | 3-16 |
| 37 | പഞ്ചായത്ത് വാഹനം ഉപയോഗം – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 3-17 |
| 38 | സ്ഥല പരിശോധന നടത്താതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് പഞ്ചായത്തിന് ബാധ്യതയായി മാറുന്നു. | 3-18 |

| | | |
|---|---|---|
| 39 | തൊഴിലുറപ്പ് പദ്ധതി – മെറ്റീരിയൽ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-19 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-20 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.3.2017 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.03.2018 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്ററാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.05.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 13.06.2018 മുതൽ 14.06.2018 വരെ | കെ.എസ്.എ.കെ.കെ.ഡി./ ഇ2/1111/2018(40) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 55,46,384.81 |
| വരവ് | 8,31,04,381 |
| ആകെ | 8,86,50,765 |
| ചെലവ് | 7,70,17,540 |
| നീക്കിയിരിപ്പ് | 1,16,33,225.81 |

തനതുഫണ്ടിന്റെ ലഭ്യതയിൽ വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിൽ ഫണ്ടിന്റെ ലഭ്യത കൂട്ടുന്നതിനുള്ള യാതൊരു പ്രവർത്തനങ്ങളും നടപ്പാക്കുന്നില്ല. തനതുഫണ്ടിന്റെ പ്രധാന സ്രോതസ്സായ വസ്തുനികുതി കണക്കാക്കി ഈടാക്കുന്നതിൽ ഗുരുതര അപാകത ശ്രദ്ധയിൽപെട്ടതു സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ ഭാഗം രണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | -- | 1,53,04,379 | 1,53,04,379 | 1,35,40,187 | 17,64,192 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | -- | 78,76,187 | 78,76,187 | 68,31,184 | 10,45,003 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | -- | 20,992 | 20,992 | -- | 20,992 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | -- | 64,85,000 | 64,85,000 | 64,82,584 | 2,416 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | -- | 32,31,000 | 32,31,000 | 32,23,743 | 7,257 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | -- | 72,93,356 | 72,93,356 | 58,26,862 | 14,66,494 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | -- | -- | -- | -- | -- |
| സാക്ഷരത | | 14,763 | 71,790 | 86,553 | -- | 86,553 |
| ദുരിതാശ്വാസനിധി | | 28,444 | -- | 28,444 | -- | 28,444 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | -- | 3,57,26,845 | 3,57,26,845 | 3,57,26,845 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 32,052 | 20,37,187 | 20,69,239 | 19,45,651 | 1,23,588 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 5,88,000 | 8,52,000 | 14,40,000 | -- | 14,40,000 |
| എസ്.എസ്.എ. | | 85,081 | 3,222 | 88,303 | -- | 88,303 |
| പൈക്ക | | 49,978 | 1,765 | 51,743 | -- | 51,743 |
| ശുചിത്വമിഷൻ | | 12,35,322 | 1,53,430 | 13,88,752 | 6,58,399 | 7,30,353 |

| | | | | | | |
|---|---|---|---|---|---|---|
| ഡബ്ലിയൂ.ജി.ഡി.പി. | | 31,614 | 1,223 | 32,837 | -- | 32,837 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 12,50,000 | 14,00,000 | 26,50,000 | 16,71,500+ 1469250 | 61375 |
| | ജില്ലാ പഞ്ചായത്ത് | -- | 9,10,000 | 9,10,000 | 3,57,875 | |
| ബി ഫണ്ട് | | -- | 4,79,18,280 | 4,79,18,280 | 4,79,18,280 | -- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 21,31,407 | 1,44,44,409 | 1,65,75,816 | 1,46,67,162 | 19,08,654 |
| | ട്രഷറി അക്കൗണ്ട് (ജി.പി.ജി) | 10,90,602 | 1,26,64,496 | 1,37,55,098 | 10,17,357+ 1,28,34,961 | -97,220 |
| എം.പി.ഫണ്ട് | | -- | 5,98,893 | 5,98,893 | 5,83,231 | 15,662 |
| മറ്റുള്ളവ | | | | | | |
| മണൽ വരവ് | | 4,88,712 | 18,900 | 5,07,612 | 58,148 | 4,49,464 |
| പെയിൻ ആന്റ് പാലിയേറ്റീവ് | | 7,404 | 389 | 7,793 | -- | 7,793 |
| ഷോപ്പിംഗ് കോംപ്ലക്സ് | | -- | 1,47,41,960 | 1,47,41,960 | 66,38,346 | 81,03,614 |
| എസ്.ബി.ടി പുതിയറ | | 43,688 | 20,155 | 63,843 | 649 | 63,194 |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ | | 5,938 | 42,71,850 | 42,77,788 | 42,71,850 | 5,938 |

| | | | | | |
|---|---|---|---|---|---|
| വെൽഫെയർ പെൻഷൻ | 2,11,147 | 13,49,911 | 15,61,058 | 13,81,553 | 1,79,505 |
| ബി.എം.സി. | -- | 4,20,000 | 4,20,000 | -- | 4,20,000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 10,30,43,732 | 115 | 4,06,22,199 | 6 | 45 | 69.27% |

പദ്ധതി രൂപീകരണ സമയം കാർഷിക മേഖലയിൽ സമഗ്രമായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ അതേ വർഷം തന്നെ പൂർത്തികരിക്കണമെന്ന നിർദ്ദേശവും പദ്ധതി നടത്തിപ്പിൽ പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്തിൽ പരാമർശിച്ചിട്ടുണ്ട്. മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പലപ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 32,052 | 20,37,187 | 20,69,239 | 19,45,651 | 1,23,588 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,57,26,845 | 3,57,26,845 | 3,57,26,845 | 0 |
| | 32,052 | 3,77,64,032 | 3,77,96,084 | 3,76,72,496 | 1,23,588 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,56,480 | 266 |
| കർഷകതൊഴിലാളി പെൻഷൻ | 70,15,400 | 579 |
| വിധവാപെൻഷൻ | 1,51,82,500 | 1264 |
| വാർദ്ധക്യകാലപെൻഷൻ | 2,02,63,300 | 1560 |
| വികലാംഗപെൻഷൻ | 40,63,500 | 351 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ (50 വയസ്സിന് മുകളിൽ) | 9,67,100 | 80 |
| പെൺമക്കളുടെ വിവാഹ ധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 16,576/- രൂപയിൽ 12,104/-രൂപ മാത്രമേ ക്യാഷ് ബാലൻസായി കണ്ടുള്ളൂ. ബാക്കി തുക വൈദ്യുതി ബിൽ അടവാക്കുന്നതിനായി ഉപയോഗിച്ചുവെന്നാണ് പഞ്ചായത്തിൽ നിന്ന് വിശദീകരിച്ചത്. കൂടുതൽ വിവരം ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പും പൊതുവെ തൃപ്തികരമാണെങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഡിപ്പോസിററ് രജിസ്ററർ പ്രകാരമുള്ള ബാലൻസ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക് & ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിററ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം കാര്യക്ഷമമല്ലെന്നു കാണുന്നു. ദൈനംദിന പിരിവു തുകയിൽ നിന്നും തുക

നേരിട്ട് ചെലവ് ചെയ്യുന്ന തെറ്റായ രീതി അനുവർത്തിച്ച് കാണുന്നുണ്ട് (ഖണ്ഡിക2-1കാണുക). പിരിവിന്റെ കളക്ഷൻരജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ശമ്പളപരിഷ്കരണ കുടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഈടാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കാതിരുന്നത് പ്രധാന വീഴ്ചയാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. മണൽവിൽപന നിലച്ചതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രമാതീതമായ കുറവുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനും വളരെയേറെധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന സാഹചര്യത്തിലും നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല. വസ്തുനികുതി നിർണ്ണയത്തിലുണ്ടായിട്ടുള്ള നികുതി ചോർച്ച തടയുന്നതിനും, ഗ്രാമപഞ്ചായത്തു പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായി മാറേണ്ട ബസ്സ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ എഗ്രിമെന്റ് വെച്ച് ലേലക്കാർക്ക് മുറികൾ കൈമാറാൻ സാധിച്ചിട്ടില്ല. ഇത് പ്രസ്തുത ആസ്തിയിൽനിന്നും ലഭിക്കേണ്ട വരവ് യഥാസമയം ലഭിക്കുന്ന സാഹചര്യം ഇല്ലാതാക്കുന്നു. തൻമൂലം കെട്ടിട നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നെടുത്ത വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് പ്രയാസം നേരിടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15 നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്ററാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്ററാൻഡിംഗ് കമ്മിററി നിശ്ചിത സമയപരിധി പാലിച്ചുകൊണ്ട് ബജററ് തയ്യാറാക്കുകയും 25.3.2017ലെ 1ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പലപ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തിരജിസ്റ്ററുകൾ യഥാസമയം കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പ്, ബഡ്സ് സ്കൂൾ ബസ്, പാലിയേററീവ് വാഹനം എന്നിവയുടെ ശരിയായ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ ഉറപ്പുവരുത്തുന്നത് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. ഈചുമതലകൾ നിറവേററുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം, യാത്ര ചെയ്ത ഉദ്യോഗസ്ഥരുടെ ഒപ്പ്, റിപ്പയർ സംബന്ധിച്ച വിശദാംശം എന്നിവ പലപ്പോഴും രേഖപ്പെടുത്തുന്നില്ല. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിൽ പലപ്പോഴും വീഴ്ച വരുത്തിക്കാണുന്നു.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രിന്റെടുത്ത് സൂക്ഷിച്ചുവെച്ചിട്ടില്ല. സ്റ്റാററസ് റിപ്പോർട്ടിന്റെ പ്രിന്റ് ചെയ്ത ഒരു കോപ്പി പോലുംഓഡിററിൽ പരിശോധനക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2018 മുതൽ 10.05.2018 വരെ | 3/2018 മുതൽ 4/2018 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.2017 | 2016-17 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. മാവൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിലെ തനത് ഫണ്ട് അക്കൗണ്ട് (401) ലേക്ക് ബാങ്ക് ബുക്ക് പ്രകാരം 01.10.2017 ന് 33000/- രൂപയുടെ ചെക്ക് (585341) വരവ് വെച്ചത് നാളിതുവരെ കളക്ഷൻ ആയിട്ടില്ല. 3 മാസ കാലാവധി കഴിഞ്ഞ ചെക്കിന്റെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. നിലവിൽ ഉപയോഗത്തിലില്ലാത്ത അക്കൗണ്ടുകൾ സൂക്ഷിക്കുന്ന വെസ്റ്റേൺ ഘട്ട് (UCO

Bank 17951), പെയിൻ & പാലിയേറ്റീവ് (UCO Bank 105948), എസ്.എസ്.എ. (പി.എൻ.ബി. 104058), പൈക്ക (MSCB 13817) തുടങ്ങി ഇടപാടുകളൊന്നും ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. ആയത് ക്ലോസ് ചെയ്ത് ബാക്കി തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

3. 17 ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ വിവരം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുക വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം എഴുതിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

6. ബി.4 സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/ സംയുക്ത പ്രോജക്ടിനുള്ള തുകകൾ എന്നിവ തനത് ഫണ്ട് അക്കൗണ്ടിൽ ചെലവഴിക്കാതെ നീക്കിയിരിപ്പായുണ്ട്. ആയവ നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർ 28.09.2017ന് ശേഷമുള്ള പണമിടപാടുകൾ ടി.ആർ. ടി.എ. ക്യാഷ് ബുക്കിൽ എഴുതിയിട്ടില്ല. കൃഷി ഓഫീസർ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള തുകകൾ ടി.ആർ. ടി.എ. ക്യാഷ് ബുക്കിൽ എഴുതിയിട്ടില്ല. സബ്സിഡിയറി രജിസ്റ്ററിൽ മാത്രമാണ് വരവ് ചെലവുകൾ എഴുതിയിട്ടുള്ളത്.

8. Excess income over expenditure എന്ന ഹെഡ്ഡിൽ (310900101) ബി.1 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ളത് 5662300.35 രൂപയാണ്. എന്നാൽ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ 6045118.35 രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്.

9. ട്രഷറി എസ്.ടി.എസ്.ബി. (അക്കൗണ്ട് നമ്പർ 716031400000002) അക്കൗണ്ടിൽ (-) 97220/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മൈനസ് ബാലൻസ് കാണിച്ച ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പ്രകാരം 711040/- രൂപ നീക്കിയിരിപ്പുണ്ട്. അപാകത വിശദീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്യാഷ് സൂക്ഷിപ്പിലെ അപാകതകൾ

മാവൂർ ഗ്രാമപഞ്ചായത്തിലെ 24.11.18 ലെ ക്യാഷ് ബാലൻസ് 26.11.18 രാവിലെ 10.15 ന് പരിശോധിച്ചപ്പോൾ 12,104/- രൂപ ക്യാഷ് ആയും 4989/- രൂപയുടെ ചെക്കായുമാണ് കണ്ടത്. എന്നാൽ ഡേ ബുക്ക് പ്രകാരം 16,576/- രൂപ ക്യാഷ് ആയും 4989/- രൂപയുടെ ചെക്കും വരവ് ലഭിച്ചിട്ടുണ്ട്. ക്യാഷ് പരിശോധിച്ചതിൽ 4472/- രൂപ കുറവ് വന്നിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/2017-18 തിയ്യതി 27.11.18 ന് ലഭിച്ച മറുപടിയിൽ 24.11.18 ലെ ഓഫീസ് കലക്ഷനിൽ നിന്നും 4472/- രൂപയെടുത്ത് വൈദ്യുതി ബിൽ അടവാക്കിയിരുന്നു(24.11.2018ന് ഡ്യൂ ഡേററ്) എന്ന് അറിയിക്കുകയുണ്ടായി. കെ.എസ്.ഇ.ബി യിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായതിനാലും, 23.11.18 ന് സെക്രട്ടറി ലീവ് ആയതിനാൽ ചെക്ക് ഒപ്പിടാൻ സാധിക്കാതെ വന്നതിനാലും, 24.11.18 ന് അക്കൗണ്ടന്റ് ലീവ് ആയതിനാലും പഞ്ചായത്ത് ഫണ്ടിന് പിഴ പലിശ ഇനത്തിലുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനായി 24.11.18 ന് വന്ന ഫ്രണ്ട് ഓഫീസ് കലക്ഷനിൽ നിന്നും 4472/- രൂപ കെ.എസ്.ഇ.ബി യിൽ അടവാക്കുകയാണുണ്ടായത് എന്നും അറിയിച്ചിട്ടുണ്ട്.

സെക്രട്ടറി ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ കെ.എസ്.ഇ.ബി.യുടെ ഡിമാന്റ് നോട്ടീസ് 22.11.2018നാണ് സെക്ഷൻ ക്ലാർക്കിന് ലഭിച്ചിട്ടുള്ളതെന്ന് ഓഡിററിന് ബോധ്യപ്പെട്ടു. ഡിമാന്റ് നോട്ടീസിൽ പിഴ ഒടുക്കാതെ വൈദ്യുതി ചാർജ്ജ് ഒടുക്കാനുള്ള അവസാനതീയതി 24.11.2018 ആണെന്ന് കാണിച്ചിട്ടുണ്ട്.

26.11.18 ന് സെക്രട്ടറി ഓഫീസിലില്ലാത്തതിനാൽ ചെക്ക് ഒപ്പിടാൻ സാധിക്കാതെ വരികയും, ഓഡിററ് എൻക്വയറി നൽകിയതിനെതുടർന്ന് സെക്ഷൻ ക്ലാർക്ക് മേൽ തുക സ്വയം വഹിച്ച് 24.11.2018 ലെ കലക്ഷൻ തുകയായ 16576/-രൂപ മുഴുവനായും 26.11.2018ന് ബാങ്കിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19(3) പ്രകാരം വിതരണത്തിനാവശ്യമായ തുകസെക്രട്ടറി ചെക്ക്/ബിൽ മുഖേന ട്രഷറിയിൽ നിന്നോ ബാങ്കിൽ നിന്നോ പിൻവലിക്കേണ്ടതാണ്. പഞ്ചായത്തിനു വേണ്ടി ലഭിച്ച തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെ ഏതെങ്കിലും ചെലവിനുവേണ്ടി ഉപയോഗിക്കുവാൻ പാടുള്ളതല്ല. പിരിച്ചെടുത്ത തുകയിൽ നിന്നും ചെലവിനുവേണ്ടി ചട്ട വിരുദ്ധമായി തുക വിനിയോഗിക്കുന്നത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 രസീതി സംബന്ധിച്ച അപാകതകൾ

1. മാന്വൽ, സാംഖ്യ രസീതി സ്റ്റോക്കിലെ അപാകതകൾ

മാന്വൽ രസീതിയുടെ സ്റ്റോക്ക് പരിശോധിച്ചതിൽ 19.11.2018ന് 36 രസീതി പുസ്തകങ്ങൾ ബാക്കിയുള്ളതായാണ് കണ്ടത്. സ്റ്റോക്ക് രജിസ്റ്ററിൽ എത്ര രസീതി ബാക്കിയുണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ല. 35806 നം. രസീതി ബുക്ക് ഇഷ്യൂ ചെയ്തത്

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും സ്റ്റോക്ക് കൃത്യമായി പരിശോധിച്ച് നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല എന്ന് വ്യക്തമാണ്.

സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 24.10.18 ന് 2000 സാംഖ്യ രസീതികൾ സ്റ്റോക്കിൽ ബാക്കിയുണ്ട്. എന്നാൽ സ്റ്റോക്ക് പരിശോധനയിൽ ബാക്കി രസീതികൾ രജിസ്റ്ററിൽ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്താതെ ഉപയോഗിക്കുന്നതായി കാണുന്നു. അതിനാൽ സ്റ്റോക്ക് കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

മാന്വൽ രസീതി പ്രകാരം പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ 'കക്ഷിയുടെ പേര് ' കോളം പൂരിപ്പിച്ചിട്ടില്ല

രസീതി നമ്പർ 35905, 10479,10485, 10507,35805, 35902

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.39/2017-18 തിയ്യതി 30.11.18 മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതികൾ, കലക്ഷൻ രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ അതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൃത്യമായി പരിശോധിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി നിർണ്ണയം - വൻസാമ്പത്തിക നഷ്ടം

മാവൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയത്തിൽ ഗുരുതര അപാകതകൾ വന്നിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

1.ഒരേ റോഡരികിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം:-

2017-18 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭിച്ച ശേഷം നികുതി നിശ്ചയിച്ച താഴെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് (ഫയലിൽ ലഭ്യമായ കംപ്ലീഷൻ പ്ലാൻ പ്രകാരം ഒരേ റോഡിനഭിമുഖമായുള്ള കെട്ടിടങ്ങൾ) നികുതി നിർണ്ണയിച്ചിരിക്കുന്നത് വ്യത്യസ്ത രീതിയിലാണെന്ന് കാണുന്നു.

| ഫയൽ നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം | നികുതി നിർണ്ണയം | ഡിമാന്റ് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 254/17-18<br>എ4-8368/17 | ശ്രീ. നാരായണൻ നമ്പൂതിരി | റസിഡെൻഷ്യൽ<br>പ്ലിൻന്ത് ഏരിയ – 243.76 ച.മീ. | 243.76 X 4 = 975.04<br>ഇളവ് (ദ്വിദീയ മേഖല)10%=97.504<br>വർദ്ധന (5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്) 20% = 195.008<br>നിർണ്ണയിച്ച നികുതി=1073 + 54 LC | 10762 |
| 305/17-18 | സിസ്റ്റർ സുപ്പീരിയർ, മാനേജർ സെന്റ് മേരീസ് സ്കൂൾ | വിദ്യാഭ്യാസ ആവശ്യം<br>1038.19 ച.മീ. | 1038.19 X 6=6229.14<br>ഇളവ് (ദ്വിദീയ മേഖല) 10% = 622.91<br>നിർണ്ണയിച്ച നികുതി = 5607 + 281 LC | 10811 |

മേൽ വിവരിച്ച രണ്ടു കെട്ടിടങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ച കപ്ലീഷൻ പ്ലാൻ പ്രകാരം ഇരു കെട്ടിടങ്ങളും അഭിമുഖമായിട്ടുള്ളത് പൈപ്പ് ലൈൻ റോഡിനോടാണ്. നികുതി നിർണ്ണയ സമയം സഞ്ചയ സോഫ്റ്റ് വെയറിൽ രണ്ടു കെട്ടിടങ്ങളും ദ്വീദീയ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് ഉൾപ്പെടുത്തി.(ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് മേഖലാ തിരിവ് നടത്തിയ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭിച്ചിട്ടില്ല) എന്നാൽ കെട്ടിടം സ്ഥിതിചെയ്യുന്ന മേഖലയിലെ റോഡിന്റെ തരം, ആദ്യത്തേതിൽ അഞ്ചു മീറ്ററോ അതിൽ കൂടുതൽ എന്നും,

രണ്ടാമത്തേതിൽ ഒന്നര മീറ്ററിൽ കൂടുതൽ എന്നുമാണ് ഉൾപ്പെടുത്തിയത്. ഒന്നര മീറ്ററിൽ കൂടുതൽ എന്നുൾപ്പെടുത്തിയതിനാൽ 20% വർദ്ധനവ് ഒഴിവായി. ഒരേ റോഡിനഭിമുഖമായുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശം പാലിക്കാതെ നികുതി നിർണ്ണയിക്കുന്നു

ഫയൽ നമ്പർ : എ4- 7339/17

ശ്രീ. ബി.കെ. അസീസ്, ശ്രീമതി. ഷമീദ എന്നിവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 3 ലെ കെട്ടിടത്തിന്റെ (നമ്പർ 1/K,L,M,N.O,P) ഒക്യുപെൻസി മാറ്റുന്നതാണ് മേൽ ഫയൽ. നിലവിൽ വാണിജ്യാവശ്യത്തിനായിരുന്ന മേൽ മുറികൾ (ഒന്നാം നിലയിലെ മുറികളാണിവ. താഴെ നില വാണിജ്യാവശ്യമായി തുടരുന്നു)ലോഡ്ജംഗിനായാണ് തരം മാറ്റുന്നത്. ഇതിനാവശ്യമായ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് പണി പൂർത്തീകരിച്ചതിനാൽ നമ്പർ അനുവദിക്കുകയും, നികുതി പുതുതായി കണക്കാക്കുകയും ചെയ്തു. എന്നാൽ നികുതി നിർണ്ണയിച്ചതിൽ അപാകതകൾ വന്നതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 ന താഴെ കൊടുത്തിരിക്കുന്ന കുറിപ്പ് 2പ്രകാരം ഏതെങ്കിലും ഒരു പ്രധാനറോഡിൽ നിന്ന് പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ, പൊതു നടപ്പാത മുഖേനയോ, കെട്ടിടത്തിലേയ്ക്ക് വഴി സൌകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതികളിൽ, ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്നും കെട്ടിടത്തിലേയ്ക്ക് വഴി സൌകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. മുകളിൽ വിവരിച്ച കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പ്രകാരം, ഈ കെട്ടിടം മാവൂർ കോഴിക്കോട് റോഡിന്റെ അരികിൽ മറ്റൊരു ചെറിയറോഡ് ആരംഭിക്കുന്നിടത്താണെന്ന് കാണാം. പ്രധാന റോഡിനോട് വളരെ ചേർന്ന് കിടക്കുന്ന ഈ കെട്ടിടത്തിന് മേൽ ചട്ടപ്രകാരം മാവൂർ കോഴിക്കോട് റോഡിൽ നിന്നും വഴിസൌകര്യമുള്ളതായി കണക്കാക്കണം. എന്നാൽ ഇപ്രകാരം കണക്കാക്കാതെ സഞ്ചയയിൽ, കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വിവരങ്ങൾ കാണിക്കുന്ന സമയം, കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തിനു സമീപമുള്ള റോഡ് മാവൂർ കോഴിക്കോട് റോഡ് എന്ന് ഉൾപ്പെടുത്താതെ 'മറ്റുള്ളവ' എന്നുൾപ്പെടുത്തുകയും, റോഡിന്റെ പേര് 'ചെറൂപ്പ തെങ്ങിലകടവ് ലിങ്ക് റോഡെ'ന്നും, റോഡിന്റെ തരം 'ഒന്നര മീറ്ററിൽ കൂടുതൽ' എന്നും ഉൾപ്പെടുത്തി. ഇതു മൂലം അഞ്ചു മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡരികിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 20% വർദ്ധനവ് നികുതി കണക്കാക്കിയതിൽ വന്നില്ല. ഓരോ മുറികൾക്കും കണക്കാക്കിയ നികുതി താഴെ കൊടുക്കുന്നു.

| മുറി നമ്പർ/ | കണക്കാക്കിയ നികുതി | 20% വർദ്ധനവ് | യഥാർത്ഥത്തിൽ കണക്കാക്കേണ്ട |
| --- | --- | --- | --- |

| വ്യാപ്തി | | | നികുതി |
|---|---|---|---|
| 3/1 K<br>26.13<br>ച.മീ. | 26.13 X 40 =<br>1046+LC | 209 | 1255 |
| 3/1 L<br>25.88<br>ച.മീ. | 25.88 X 40 =<br>1036+LC | 207 | 1243 |
| 3/1 M<br>26.13<br>ച.മീ. | 26.13 X 40 =<br>1046+LC | 209 | 1255 |
| 3/1 N<br>24.73<br>ച.മീ. | 24.73 X 40 =<br>990+LC | 198 | 1188 |
| 3/1 O<br>23.63<br>ച.മീ. | 23.63 X 40=<br>946+LC | 189 | 1135 |
| 3/1 P<br>21.91<br>ച.മീ. | 21.91 X 40 =<br>877+LC | 175 | 1052 |
| ആകെ കുറവ് | | 1187 | |

മുകളിൽ കൊടുത്ത പ്രകാരം യഥാർത്ഥത്തിൽ കണക്കേണ്ട നികുതിയിൽ 1187 രൂപയുടെ കുറവ് വന്നിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ആദ്യ നികുതി നിർണ്ണയിച്ച സമയത്തും ഇതേ അപാകതയോടെയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ കെട്ടിടത്തിന്റെ താഴെ നില വാണിജ്യാവശ്യത്തിനായി തന്നെ തുടരുന്നു. മേൽ രീതിയിൽ അപാകതകളോടെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

3.പ്രധാന റോഡിനരികിലെ കെട്ടിടത്തിന് നികുതി വർദ്ധനവിനു പകരം നികുതിയിളവ്

| ഫയൽ നമ്പർ : 266/17-18 (എ4-7806/17) | |
|---|---|
| കെട്ടിട ഉടമസ്ഥൻ | ശ്രീ.അബ്ദുൾ ബാരി, ഉള്ളാട്ട് |
| കെട്ടിട നിർമ്മാണാനുമതി നമ്പർ | BL 114/16-17, തിയ്യതി 4.8.2016 |
| കെട്ടിടാനുമതി പ്രകാരം വിസ്തീർണ്ണം | 80.96 ച.മീ. |
| പൂർത്തീകരണ പ്ലാൻ പ്രകാരം നടത്തിയ നിർമ്മാണ വിസ്തീർണ്ണം | 85.56 ച.മീ. |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 7/444എ– 21.39 ച.മീ. |
| | 7/444 ബി – 21.39 ച.മീ. |
| | 7/444A സി – 21.39 ച.മീ. |
| | 7/444A ഡി – 21.39 ച.മീ. |

മേൽ രീതിയിൽ നിർമ്മാണം പൂർത്തീകരിച്ച ശ്രീ.അബ്ദുൾബാരിയുടെ കെട്ടിടത്തിന് നമ്പർ അനുവദിച്ച നികുതി നിശ്ചയിച്ചിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം മാവൂർ കട്ടാങ്കൽ റോഡിനഭിമുഖമായാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത് പ്രസിദ്ധീകരിച്ച വസ്തു നികുതി സംബന്ധിച്ച വിജ്ഞാപനത്തിൽ ഈ റോഡ് ഗ്രാമപഞ്ചായത്തിൽ കൂടി കടന്നു പോകുന്ന രണ്ടാം തരം റോഡാണ്. ഈ റോഡിന്റെ വീതി അഞ്ചു മീറ്ററിൽ കൂടുതലാണെന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ രണ്ടാം തരം റോഡിന്റെ ഇരുപുറവും 150 മീറ്റർ വരെയുള്ള മേഖല പ്രാഥമികമാണ്. ഇതു പ്രകാരം കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുമ്പോൾ 20% വർദ്ധനവും (5 മീറ്ററിൽ കൂടുതലുള്ള റോഡ്) വരുത്തേണ്ടതും, എന്നാൽ പ്രാഥമിക മേഖലയായതിനാൽ പ്രദേശത്തിന്റെ ഇളവും നൽകേണ്ടതില്ല. പക്ഷേ, ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് താഴെ ചേർക്കും പ്രകാരമാണ്.

വിസ്തീർണ്ണം 21.39 X 50 = 1069

ഇളവ് 10% (ദ്വിദീയ മേഖല)= 106.9

ഇളവ് 10% (റോഡ് തരം 1.5 മീറ്ററോ അതിൽ കുറവോ)=106.9

ആകെ നികുതി = 856 + 43 ലൈ.സെസ്

നാല്വ മുറികൾക്കും കൂടി = 3,424 + 172 ലൈ.സെസ്

മേൽ ഫയലിൽ ബി6 സെക്ഷൻ തയ്യാറാക്കിയ കുറിപ്പിൽ ഇളവുകൾ ഓരോ മുറികൾക്കും 213.9രൂപ എന്ന രേഖപ്പെടുത്തിയതല്ലാതെ ഏതെല്ലാം ഇനത്തിലാണ് ഇളവ് എന്ന് കാണിച്ചിട്ടില്ല. സഞ്ചയയിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്ന സ്ക്രീനിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിക്കുന്നത്. (അതായത് വേരിഫിക്കേഷനു, അപ്രൂവലും നടത്തുന്നതിനു മുമ്പുള്ളത്) ഇതിൽ നിന്നാണ് ഇളവുകൾ ഏതൊക്കെയിനത്തിലാണെന്ന് മനസ്സിലാക്കിയത്. ഇതു പ്രകാരം കെട്ടിടത്തിനു സമീപമുള്ള റോഡിന്റെ പേര് മാവൂർ കട്ടാങ്കൽ റോഡെന്ന് തെരെഞ്ഞെടുക്കാതെ, 'മറ്റുള്ളവ' എന്ന തെരെഞ്ഞെടുക്കുകയും, തുടർന്ന് റോഡിന്റെ പേര് 'മാവൂർ കട്ടാങ്കൽ' എന്ന ടൈപ്പ് ചെയ്ത്, റോഡിന്റ വീതി 'ഒന്നര മീറ്ററോ അതിൽ കുറവോ' എന്നാക്കി 20% വർദ്ധനവിനു പകരം 10% ഇളവ് നൽകി. കൂടാതെ മേഖല 'പ്രഥമ'ത്തിനു പകരം 'ദ്വിദീയം' എന്നാക്കിയതിനാൽ വീണ്ടും 10% ഇളവ് കിട്ടി. മേൽ കെട്ടിടത്തിന്റെ നികുതി യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് താഴെ ചേർക്കും പ്രകാരമായിരുന്നു.

വിസ്തീർണ്ണം 21.39 X 50 = 1069

ഇളവ് = ഇല്ല

വർദ്ധനവ് 20% = 214

ആകെ നികുതി = 1283 + 64 LC

നാല്വ മുറികൾക്കും കൂടി = 5132+ 256 ലൈ.സെസ്

മേൽ രീതിയിൽ ഓരോ മുറിക്കും 1283 രൂപ നികുതി നിശ്ചയിക്കേണ്ടതിനു പകരം, അനർഹമായ ഇളവുകൾ നൽകി 856 രൂപ എന്ന് കണക്കാക്കിയത് വിശദീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച എല്ലാ ഫയലുകളിലും ബന്ധപ്പെട്ട സെക്ഷൻ തയ്യാറാക്കിയ കുറിപ്പുകൾ/നികുതി നിർണ്ണയം യാതൊരു പരിശോധനയും നടത്താതെ മേൽ ഉദ്യോഗസ്ഥർ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. രൂക്ഷമായ തനതുഫണ്ട് അപര്യാപ്തത നേരിടുന്ന ഗ്രാമപഞ്ചായത്തിന്റെ നികുതി നിർണ്ണയത്തിൽ വന്നിട്ടുള്ള മേൽ അപാകത മൂലം വൻസാമ്പത്തിക നഷ്ടം വന്നിട്ടുണ്ടാവാം. ഓഡിറ്റിൽ പരിശോധിച്ച ചുരുക്കം ഫയലുകളിൽ കാണുന്ന ഇത്തരം ക്രമക്കേടുകൾ ആ വർഷം പുതുതായി പണിതീർത്ത കെട്ടിടങ്ങളുടേതു മാത്രമാണ്. അതുകൊണ്ടു തന്നെ പഞ്ചായത്തിലെ മുഴുവൻ വസ്തുനികുതി നിർണ്ണയങ്ങളും (നികുതി പരിഷ്കരിച്ചവയുൾപ്പെടെ) വീണ്ടും പരിശോധനയ്ക്കു

വിധേയമാക്കി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നഷ്ടം നിജപ്പെടുത്തേണ്ടതും, ഇതിനുത്തരവാദിയായവരെ കണ്ടെത്തി ഇവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 2-4 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിക്കുമ്പോഴും, നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ, അല്ലെങ്കിൽ വകുപ്പ് 7 പ്രകാരം റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യാവൂ എന്ന് 09.07.2015 ലെ സർക്കാർ ഉത്തരവ് നം.(എം.എസ്.)231/2015/ത.സ്വ.ഭ.വ ഖണ്ഡിക 1 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖണ്ഡിക 2 ൽ കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (എ) പ്രകാരമുള്ള ആഡംബരനികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻസാമ്പത്തിക വർഷത്തെ ആഡംബരനികുതി ഒടുക്കിയതിന്റെ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമാണ് വസ്തുനികുതി അടവാക്കിയതിന്റെ രസീത് നല്കേണ്ടത് എന്നും നിഷ്കർച്ചിരിക്കുന്നു. ഏതെങ്കിലും കെട്ടിടത്തിന് നികുതിയിളവിന് സാധ്യതയുള്ള പക്ഷം ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട താഹസിൽദാറിൽ നിന്നോ, താഹസീൽദാർ ചുമതലപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ലഭ്യമാക്കി സമർപ്പിക്കണം.

എന്നാൽ മാവൂർ ഗ്രമപഞ്ചായത്തിൽ മേൽ വിവരിച്ച രീതിയിൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും, തുടർന്ന് വസ്തുനികുതി നിർണ്ണയിച്ചു നൽകുമ്പോഴും കെട്ടിട ഉടമ സർക്കാരിലേയ്ക്ക് അടവാക്കേണ്ട മേൽ നികുതികൾ അടവാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നമ്പറിംഗ് നടപടികൾ ചെയ്യുന്നതുമൂലം സംസ്ഥാനസർക്കാരിന് നികുതി വരുമാനശോഷണത്തിന് സാധ്യതയുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ ചട്ടം വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ച് നൽകിയതും, മറ്റപാകതകളും

ഫയൽ നമ്പർ : എ4-4020/18

ശ്രീ.ശിവദാസൻ, ലക്ഷ്മീനിലയം എന്നയാൾക്ക് മാവൂർ പഞ്ചായത്തിലെ ഒമ്പതാം

വാർഡിലുള്ള തന്റെ ഉടമസ്ഥതയിലുള്ള 54/1 സർവ്വേ നമ്പറിലുള്ള സ്ഥലത്ത് 219.7 ച.മീ. വിസ്തൃതിയുള്ള ഇരുനില വാണിജ്യകെട്ടിടം പണിയുന്നതിന് 5.5.17 ലെ ബി.എൽ.12/17-18 പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്നു. എന്നാൽ അനുമതി കിട്ടിയ പ്ലാനിൽ നിന്നും വ്യതിചലിച്ച് ഉപയോഗക്രമം മാറിയ നിലയിലും, ഭാഗികമായി പണി പൂർത്തിയാക്കിയ നിലയിലുമാണ് മേൽ ഫയൽ പ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത്. നിർമ്മാണാനുമതി പ്രകാരം ഇരുനില വാണിജ്യകെട്ടിടമായിരുന്നു. പണി പൂർത്തീകരിച്ചത് ഒരു നിലയും, ഇതിൽ തന്നെ വാണിജ്യവും, ഗാർഹിക ഉപയോഗവും വരുന്ന രീതിയിലുമാണ്. ഉപയോഗക്രമം മാറിയിട്ടുള്ളതിനാൽ ഇതിനുള്ള ഫീസ് ഈടാക്കി നമ്പർ അനുവദിക്കാമെന്ന് ഓവർസിയർ 14.6.18 ന് റിപ്പോർട്ട് നൽകി. തുടർന്ന് 16.7.18 ന് ഇതേ ഓവർസിയർ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം സൈറ്റ് പരിശോധിച്ചതിൽ മലിനജല സംവിധാനവും, ടോയ് ലെറ്റ് സംവിധാനവും ഉണ്ടെന്ന് വീണ്ടും റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മൂന്ന വാണിജ്യ മുറികൾക്കും(11.71 ച.മീ. വിസ്തൃതിയുള്ളത്), ഒരു ഗാർഹിക ഭാഗത്തിനും(57.94 ച.മീ.) നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചു.

എന്നാൽ ഫയലിലുള്ള കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ വാണിജ്യത്തിനായുള്ള ഭാഗം മൂന്ന മുറികളായി തിരിക്കാതെ ഒറ്റ മുറിയായിട്ടാണ് കാണിച്ചിട്ടുള്ളത്. കൂടാതെ കെട്ടിടത്തിലാകെ ഒരൊറ്റ ടോയ് ലെറ്റ് മാത്രമേയുള്ളൂ. ഇതു പൊതു ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ സാധിക്കുന്ന രീതിയിയാണ്. ഗാർഹികാവശ്യ ഭാഗത്തിന് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകിയപ്പോൾ സമർപ്പിച്ചിരുന്ന പ്ലാനിൽ രണ്ടു ടോയ് ലെറ്റുകൾക്കുള്ള സ്ഥലം ഉണ്ടായിരുന്നു. ഇത് ഒഴിവാക്കിയ രീതിയിലാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചത്. ആവശ്യാനുസരണം ടോയ് ലെറ്റ് ഇല്ലാതെ ക്രമവത്കരണ അപേക്ഷ അംഗികരിച്ചത് വിശദീകരിക്കേണ്ടതാണ്.

ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലും അപാകത കാണുന്നു. പഞ്ചായത്ത് പ്രസിദ്ധീകരിച്ച വസ്തു നികുതി സംബന്ധിച്ച വിജ്ഞാപനത്തിൽ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന എല്ലാ രണ്ടാം തരം റോഡുകളുടേയും ഇരുവശത്തുമുള്ള 150 മീറ്റർ പരിധിയിൽപെടുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖലയാണ്. ഇതു പ്രകാരം മാവൂർ കട്ടാങ്കൽ റോഡിനഭിമുഖമായിട്ടുള്ള ഈ കെട്ടിടം പ്രാഥമിക മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. എന്നാൽ നികുതി നിർണ്ണയത്തിൽ ഇത് ദ്വിദീയമായി കണക്കാക്കി 10% ഇളവ് നൽകി.

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## **2-6** കെട്ടിട നിർമ്മാണ അപേക്ഷകൾ കൃത്യമായ പരിശോധനയില്ലാതെ തീർപ്പാക്കുന്നു

ഫയൽ നമ്പർ : എ4/1150/17

ശ്രീ.അബ്ദുൾ അസീസ്, പറയരുകണ്ടിയിൽ വീട് എന്നയാൾ മാവൂർ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെട്ട തന്റെ ഉടമസ്ഥതയിലുള്ള15.33 സെന്റ് സ്ഥലത്ത്(റീസർവ്വെ നം.6/3) അനുമതിയോടു കൂടി നിർമ്മിച്ച കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആയതിന് നമ്പർ അനുവദിക്കണമെന്നും കാണിച്ച് അപേക്ഷ നൽകി(8.2.2017 ന്). ഓവർസിയർ സൈറ്റ് പരിശോധിക്കുകയും, ഹോളോ ബ്രിക്ക് നിർമ്മാണ യുണിറ്റിനു വേണ്ടിയുള്ള ഷെഡിന്റെ നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി നടത്തിയിട്ടുണ്ടെന്നും, മഴവെള്ള സംഭരണി നിർമ്മിക്കുന്ന മുറയ്ക്ക് ഷെഡിന് നമ്പർ അനുവദിക്കാമെന്നും റിപ്പോർട്ട് ചെയ്തു(27.4.2017 ന്). തുടർന്ന് സെക്ഷൻ ക്ലാർക്ക് നമ്പറും, കെട്ടിടത്തിന് നികുതിയും കണക്കാക്കി ഫയൽ മേൽ നടപടിക്കായി സമർപ്പിച്ചു (5.5.2017 ന്). ഫയലിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം മഴവെള്ള സംഭരണി നിർമ്മിക്കാൻ സാവകാശം വേണമെന്നും, നമ്പർ ലഭിച്ച് കഴിഞ്ഞാൽ ആറുമാസത്തിനകം നിർമ്മിച്ച് വിവരം അറിയിക്കാമെന്നും കാണിച്ച് ഇദ്ദേഹത്തിന്റെ കയ്യിൽ നിന്നും മുദ്രപത്രത്തിൽ എഴുതിവാങ്ങി സൂക്ഷിച്ചിരിക്കുന്നു. എന്നാൽ പിന്നീട് 13.7.2017 ന് മേൽ ഫയൽ നമ്പറിൽ മാവൂർ വില്ലേജ് ഓഫീസർക്ക് പ്രസ്തുത സ്ഥലം 2008 ന് മുമ്പ് നികത്തപ്പെട്ടതാണോയെന്നും, അതോ 'നിലം' എന്ന തരത്തിൽ പെടാത്തതാണോ എന്നന്വേഷിച്ച് കത്തു നൽകി. ഇതിന് 31.7.2017 ന് വില്ലേജ് ഓഫീസർ നൽകിയ മറുപടി ഈ പ്രദേശം ആദ്യം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിരുന്നില്ലെന്നും, എന്നാൽ ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്താൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവായതിനെ തുടർന്ന് പ്രാദേശിക നിരീക്ഷണസമിതി നടത്തിയ പരിശോധനയിൽ ഈ പ്രദേശം നിലമാണെന്ന് ബോധ്യപ്പെട്ട് കരട് ഡാറ്റാ ബാങ്കിൽ നിലമായി ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ഇത്തരത്തിൽ തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക് തുടർനടപടിയ്ക്കായി മാവൂർ ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്നും ഇതോടൊപ്പം മറുപടി നൽകി. പ്രസ്തുത സ്ഥലത്തിന്റെ ഭാഗം ഉൾപ്പെടുന്ന റിപ്പോർട്ടിന്റെ പകർപ്പുകൂടി ഉൾപ്പെടുത്തിയാണ് വില്ലേജ് ഓഫീസർ കത്തു നൽകിയിരിക്കുന്നത്.(പ്രസ്തുത പകർപ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, പ്രാദേശിക നിരീക്ഷണ സമിതിയംഗങ്ങളും ഒപ്പ് വച്ചിട്ടുണ്ട്.) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ അസീസ് നൽകിയ അപേക്ഷ നിരസിക്കുകയാണ് ചെയ്തത്.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു ഫയൽ പരിശോധിച്ചപ്പോൾ, (നം.എ4/70376/16) ശ്രീ.അബ്ദുൾ അസീസ് 30.12.2016 ന് തനിക്ക് എ4/6404/12 നമ്പറിൽ ലഭിച്ച കെട്ടിട നിർമ്മാണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കി നൽകണമെന്ന് അപേക്ഷിച്ചതായി കാണുന്നു. മേൽ കെട്ടിടാനുമതിയിൽ 162 ച.മീ. വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ അപേക്ഷയിൻമേൽ 11.1.2017 ന് സെക്ഷൻ ക്ലാർക്ക് കുറിപ്പ് എഴുതിയിരിക്കുന്നത് നിർമ്മാണത്തിലിരിക്കുന്ന 'വീടിന്റെ' പണി പൂർത്തിയായിട്ടില്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടെന്നും, ആയതിനാൽ പെർമിറ്റ് പുതുക്കി നൽകാവുന്നതാണെന്നുമാണ്.

സെക്ഷൻ ക്ലാർക്ക് സൈറ്റിൽ പരിശോധന നടത്താതെയാണ് ഫയൽ കൈകാര്യം ചെയ്തിരിക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഈ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലം ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സമയം ഇത് പരിശോധിക്കപ്പെട്ടിട്ടില്ല. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെടുന്ന പ്രാദേശിക നിരീക്ഷണ സമിതി തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക് ഗ്രാമപഞ്ചായത്തിലേയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും (പഞ്ചായത്തിൽ നിന്ന് ഇത് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും 2012 ൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് ആണ് ലഭ്യമാക്കിയത്) ഇത് ലഭ്യമായതു സംബന്ധിച്ച് പഞ്ചായത്തിൽ രേഖകളില്ല. ബന്ധപ്പെട്ട സെക്ഷൻ നിർമ്മാണാനുമതികൾ ഗസറ്റിൽ വിജ്ഞാപനം വന്ന 2012 ലെ ഡാറ്റാ ബാങ്ക് അടിസ്ഥാനപ്പെടുത്തിയാണ് പരിശോധിക്കുന്നതെന്ന് അറിയിച്ചു.

അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ അലംഭാവം മൂലം നിലവിൽ കെട്ടിട ഉടമസ്ഥന് കെട്ടിടം ഉപയോഗപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയാണ്. ഈ വിഷയം കൈകാര്യം ചെയ്തതിലുണ്ടായ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. നിരുത്തരവാദിത്വപരമായി ഫയൽ കൈകാര്യം ചെയ്യുന്നത് പഞ്ചായത്തിനെ പലവിധ നിയമകുരുക്കുകളിലേയ്ക്ക് നയിക്കും. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കുന്നതു സംബന്ധിച്ച മേൽ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-7 കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് ഉപയോഗതരം മാറ്റുന്നതിന് അനുമതി നൽകിയതും, മറ്റപാകതകളും

ഫയൽ നമ്പർ : എ4-1086/18

ശ്രീ.അബ്ദുൾ സലാം, പേരാലും കുഴിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാർഡ് 5 ലെ 378 എ നമ്പർ കെട്ടിടത്തിന്റെ ഒക്യുപെൻസി മാറ്റുന്നതിനുള്ളതാണ് മേൽ ഫയൽ. അപേക്ഷയ്ക്കൊപ്പം സമർപ്പിച്ച മാവൂർ വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിൽ പ്രസ്തുത സ്ഥലത്തിന്റെ തരം 'നിലം' ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതിരുന്ന ഈ സ്ഥലം, പിന്നീട് തദ്ദേശ ഭരണ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പ്രാദേശിക നിരീക്ഷണ സമിതി പരിശോധിച്ച് തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിൽ 'നില'മായി ഉൾപ്പെട്ടു. ഈ വിവരം ബന്ധപ്പെട്ട സെക്ഷൻ ഫയലിൽ രേഖപ്പെടുത്തി, 1.11.2017 ലെ സർക്കാർ ഉത്തരവ് (കൈ)നം.214/2017/ത.സ്വ.ഭ.വ. പ്രകാരം ഒക്യുപെൻസി മാറ്റി നൽകാമോ എന്നതിനെ കുറിച്ചുള്ള അഭിപ്രായത്തിനായി ഫയൽ സമർപ്പിച്ചു. ഇതിന് ജൂനിയർ സൂപ്രണ്ട് തരം മാറ്റി നൽകാം എന്നാണ് ഉത്തരവാക്കിയിരിക്കുന്നത്. എന്നാൽ ഏതു സർക്കാർ നിർദ്ദേശ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.(സെക്ഷൻ ക്ലാർക്ക് രേഖപ്പെടുത്തിയ ഉത്തരവിൽ ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കൈമാറ്റം

സംബന്ധിച്ചാണ് വിവരിച്ചിട്ടുള്ളത്). ഇതു പ്രകാരം ഓവർസിയർ സൈറ്റ് പരിശോധിച്ച് ഒക്യുപെൻസി മാറ്റുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 14.2.18 ന് എ4/ബി.എ(57683)/2018 പ്രകാരം നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുകയും ചെയ്തു. ഈ പെർമിറ്റ് പ്രകാരം നിലവിലുള്ള 374.36 ച.മീ. കെട്ടിടം ഉപയോഗതരം മാറ്റാനാണ് അനുമതി നൽകിയത്. എന്നാൽ അപേക്ഷക്കൊപ്പം ലഭ്യമാക്കിയ പ്ലാനിൽ 165.84 ച.മീ. കെട്ടിടത്തിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. മേൽ നമ്പറിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ വസ്തു നികുതി കണക്കാക്കുന്ന/കൈകാര്യം ചെയ്യുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ ഈ കെട്ടിടം 123.8 ച.മീ. മാത്രമുള്ളതാണെന്ന് കാണുന്നു. ഈ വിസ്തീർണ്ണത്തിനുള്ള നികുതിയാണ് ഈടാക്കി വരുന്നതും. പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാന രേഖയിൽ 123.8 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിന്റെ ഒക്യുപെൻസി മാറ്റുന്നതിന് അനുമതി നൽകിയപ്പോൾ 374.36 ച.മീ.എന്ന് രേഖപ്പെടുത്തി അനുമതി നൽകിയതിലെ വൈരുദ്ധ്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

നിലവിൽ ഹോളോ ബ്രിക് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്ന പ്രസ്തുത കെട്ടിടം കുടിവെള്ള യൂണിറ്റിനായിട്ടാണ് ഉപയോഗതരം മാറ്റുന്നത്. എന്നാൽ ഇത്തരത്തിൽ അനുമതി നൽകുന്നതിനു മുമ്പായി ഈ വ്യവസായത്തിനാവശ്യമായ മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

2017-18 വർഷത്തേയ്ക്ക് പഞ്ചായത്തിൽ അനുവദിച്ച ഡി ആന്റ് ഒ ലൈസൻസുകൾ പരിശോധിച്ചതിൽ, പ്രസ്തുത സ്ഥലം ശ്രീ. നിസാർ.കെ.പി., കമ്മനപറമ്പ് എന്നയാൾക്ക് ഇന്റർലോക്ക് നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ട്. പ്രാദേശിക നിരീക്ഷണ സമിതി തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്കിൽ നിലവിലും നിലമായി തുടരുന്ന സ്ഥലത്ത് വാണിജ്യാവശ്യത്തിനായി അനുമതി നൽകിയതും, ഉപയോഗതരം മാറ്റുന്നതിന് അനുമതി നല്കിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 2-8 വാണിജ്യാവശ്യത്തിനായി അൺഓതറൈസ്ഡ് കെട്ടിടനമ്പർ നൽകി

ഫയൽ നമ്പർ - എ4-7737/17

ശ്രീ. മുഹമ്മദ് മതിലകത്ത്, ശ്രീ.അബ്ദുറഹിമാൻ മതിലകത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (നം. 10/268) മുകളിൽ അനധികൃതമായി നിർമ്മിച്ച ഒന്നാം നിലയുടെ ക്രമവത്കരണത്തിനാണ് മേൽ ഫയൽ പ്രകാരം അപേക്ഷനൽകിയത്. സങ്കേതത്തിൽ സമർപ്പിച്ച ക്രമവത്കരണത്തിനുള്ള അപേക്ഷ പ്രകാരം വാണിജ്യാവശ്യത്തിനാണ് കെട്ടിട നിർമ്മാണം നടന്നിട്ടുള്ളത്. ഓവർസിയർ സൈറ്റ് പരിശോധിക്കുകയും, ഒന്നാം നിലയിലെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്ലാനിൽ

കാണിച്ചിട്ടുള്ള കോണി നിർമ്മിച്ചിട്ടില്ലെന്ന് 28.11.2017 ന് റിപ്പോർട്ട് നൽകി. ഇതു പ്രകാരം 1.12.2017 ന് ന്യൂനതകൾ പരിഹരിക്കാനുള്ള അറിയിപ്പ് അപേക്ഷകന് നൽകി. ഈ അറിയിപ്പിന് 6.12.2017 ന് അപേക്ഷകൻ നൽകിയ മറുപടി നിലവിലെ സാഹചര്യത്തിൽ കോണി നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടാണെന്നാണ്. ഈ മറുപടി പരിഗണിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി അൺഓതറൈസ്ഡ് നമ്പർ അനുവദിക്കാനും, ശേഷം ചട്ടപ്രകാരമുള്ള നോട്ടീസ് നൽകാനും നിർദ്ദേശിച്ചു. ഇതിനെതുടർന്ന് കെട്ടിടത്തിന് യു.എ.സി. നമ്പർ 12/268/ബി അനുവദിക്കുകയും ചെയ്തു.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (4)പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും, 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാകേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായാവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ, ലൈസൻസോ നൽകാൻ പാടുള്ളതല്ല. എന്നാൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച മേൽ കെട്ടിടം വാണിജ്യവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച അനുമതി/ലൈസൻസ് റദ്ദാക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **2-9** <u>തൊഴിൽ നികുതി ,ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ</u>

1.<u>തൊഴിൽ നികുതി അടവാക്കിയില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അടവാക്കാത്ത തൊഴിൽ നികുതി |
|---|---|---|
| 1 | കെ.വി.സോമിൽ | രണ്ടാം അർദ്ധവർഷം |
| 2 | മാവൂർ അഗ്രികൾച്ചറൽ പ്രൊസസ്സിംഗ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി | ഒന്ന്, രണ്ട് അർദ്ധവർഷം |

| | | |
|---|---|---|
| 3 | എൽ.ബി.എസ് | ഒന്ന്, രണ്ട് അർദ്ധവർഷം |
| 4 | കള്ള് ഷാപ്പ്, മാവൂർ | ഒന്ന്, രണ്ട് അർദ്ധവർഷം |
| 5 | കള്ള് ഷാപ്പ്,ചെറൂപ്പ | ഒന്ന്, രണ്ട് അർദ്ധവർഷം |

2.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | | സ്ഥാപനം |
|---|---|---|---|
| 1 | 12/426-429 | ഷിഹാബുദീൻ | പലചരക്ക് കച്ചവടം |
| 2 | 13/501 | അബ്ദുൾ ജലീൽ | സ്റ്റേഷനറി |
| 3 | 12/634 | ബാലൻ | സ്റ്റേഷനറി |
| 4 | 13/520 | കൃഷ്ണദാസൻ | മിൽമ ബൂത്ത് |
| 5 | 12/510 A | മുഹമ്മദ് ഷമീർ | മൊബൈൽ ഫോൺ വിൽപ്പന, സർവീസ് |
| 6 | 12/653 | ആലിക്കുട്ടി | ജ്വല്ലറി |
| 7 | 13/521,522 | അസ്കർ | സ്റ്റേഷനറി,ഫ്രൂട്ട്സ് |

| | | | |
|---|---|---|---|
| 8 | 13/220 | അബ്ദു ജബ്ബാർ.കെ.ടി | ഓയിൽ ,ഫ്ളോർ മിൽ |
| 9 | 13/450 | സൈബുദ്ദീൻ | മൊബൈൽ സർവീസ്, വില്പന |
| 10 | 13/527 | അഹമ്മദ്കുട്ടി.പി.വി | ഫാൻസി |
| 11 | 3/400 | അബ്ദുസലാം | ബേക്കറി, ഫ്രൂട്ട്സ് |
| 12 | 13/519 | ഉസ്മാൻ.എം | മെറ്റൽസ് , ക്രോക്കറി |
| 13 | 12/102 A,B | സുരേന്ദ്രൻ.കെ | ബുക്ക് സ്റ്റാൾ,സ്റ്റേഷനറി |
| 14 | 12/626 | അബ്ദുറഹിമാൻ | പലചരക്ക് കച്ചവടം |
| 15 | 5/356 | ജമീല ഉസ്മാൻ | ന്യൂമെറി ഫുഡ്സ് |
| 16 | 12/285 | മുഹമ്മദ് ബഷീർ | ഫാൻസി |
| 17 | 12/641 E,F,G | അലവിക്കുട്ടി | ടെക്സ്റ്റയിൽസ് |
| 18 | 12/645 | അബ്ദുൾകരീം.സി | സ്റ്റേഷനറി |
| 19 | 12/313 A,B,C | അഷ്റഫ്.പി | ടെക്സ്റ്റയിൽസ് |
| 20 | 10/473 | ജംഷാദ് | ടീ സ്റ്റാൾ |
| 21 | 12/341 | മൊയ്തീൻ കോയ.എം.എം | എം.എം. സ്റ്റോർ |

| | | | |
|---|---|---|---|
| 22 | 12/177 | അബ്ദുൾ നാസർ | ഹോമിയോ ക്ലിനിക് |
| 23 | 3/429 G,H,I | സി.പി.അബ്ദുള്ള | ടൂ വീലർ വില്പന |
| 24 | 5/47 | സെക്രട്ടറി, മാവൂർ ക്ഷീരോല്പാദക സഹകരണ സംഘം | പാൽ ശേഖരണവും വില്പനയും |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ ടേൺ ഓവർ കണക്കാക്കി അതിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. ഡി & ഒ ലൈസൻസ് ഫീ അടവാക്കിയില്ല

മാവൂർ ഗ്രാമ പഞ്ചായത്തിൻ കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള് ഷാപ്പ് എന്നിവ നടത്തുന്നവരിൽ നിന്നും ലൈസൻസ് ഫീ അടവാക്കുന്നതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/2017-18 തിയ്യതി 30.11.18 മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ അടവാക്കാത്തവരിൽ നിന്നും ആയത് ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തു പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, ട്രേഡേർസിൽ നിന്നും ഡി&ഒ ലൈസൻസ് ഫീ കൃത്യമായി പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല. തനതുവരുമാനം ക്രമാതീതമായി കുറഞ്ഞ സാഹചര്യത്തിൽ നിലവിലുള്ള നികുതിനികുതിയേതര വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-10 മത്സ്യ മാർക്കറ്റ് ലേലത്തുക അടവാക്കിയില്ല

മാവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുതിയ മത്സ്യ മാർക്കറ്റിലെ മുറികളും ടേബിളുകളും വാടകയ്ക്ക് നൽകുന്നതിനായി ലേലം നടത്തിയിട്ടുണ്ട്. 2017-18 വർഷം മത്സ്യ മാർക്കറ്റ് ലേലം സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും പുതിയ മത്സ്യ മാർക്കറ്റിലെ റൂമുകൾ, സ്റ്റാളുകൾ എന്നിവ 11.4.17 ൽ ലേലം ചെയ്തതിൽ ലേല പ്രകാരം

മുറി ലഭിച്ചവർ ലേലത്തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ലേലതുക അടവാക്കാത്തവരുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റൂം/ടേബിൾ നം. | ലേലം ലഭിച്ച വ്യക്തി | ലേലത്തുക | അടവാക്കിയ തുക | ബാക്കി തുക |
|---|---|---|---|---|---|
| 1 | റൂം 5 | മുഹമ്മദ് ബഷീർ | 8,20,000 | 25000 | 795000 |
| 2 | റൂം 6 | അഹമ്മദ് റൗഫ് | 10,30,000 | 25000 | 1005000 |
| 3 | റൂം 7 | അഹമ്മദ്കുട്ടി | 11,13,500 | 45000 | 1068500 |
| 6 | റൂം 9 | അബ്ദുൾ അസീസ് | 3,76,000 | 1,95,000 | 1,81,000 |
| 7 | റൂം 13 | അഹമ്മദ്കുട്ടി | 3,53,000 | 35,000 | 3,18.000 |
| 8 | റൂം 16 | അബ്ദു നാസർ | 4.01,000 | 35,000 | 3,66,000 |
| 9 | റൂം 17 | അഹമ്മദ്കുട്ടി | 9,25,000 | 40,000 | 8,85,000 |
| 10 | ടേബിൾ 9 | അബ്ദു നാസർ | 44000 | 1000 | 43000 |
| 11 | ടേബിൾ 10 | അബ്ദു നാസർ | 48000 | 1000 | 47000 |
| ആകെ | | | 5110500 | 402000 | 4708500 |

11.4.17 ൽ ലേലം നടത്തിയെങ്കിലും ലേലതുക മുഴുവൻ ഈടാക്കിയതായി കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും ലേലത്തുക തുക അടവാക്കാത്തവർക്ക് തുക അടവാക്കാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയതായും കാണുന്നു. പി.ആർ നം.16(1)/11.10.17 നം തീരുമാന പ്രകാരം ലേലത്തുക മുഴുവനായി അടവാക്കിയവരുമായി കരാറിൽ ഏർപ്പെടുന്നതിനും നാളിതുവരെ ലേലത്തുക അടവാക്കാത്തവരുടെ നിരതദ്രവ്യം പഞ്ചായത്തിന്റെ ഫണ്ടിൽ മുതൽ കൂട്ടി അവരെ ഒഴിവാക്കുന്നതിനും രണ്ടാം സ്ഥാനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുന്നതിനും ഭരണസമിതി തീരുമാനിച്ചു. നോട്ടീസ് അയച്ചിട്ടും രണ്ടാം സ്ഥാനക്കാർ തുക അടവാക്കാത്തതിനാൽ ഭരണസമിതി 29.11.17 ലെ 19(1) പ്രകാരം പുനർലേലത്തിന് തീരുമാനം എടുത്തു. പുനർലേലത്തിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ മാർക്കറ്റ്

കോപ്ലക്സ് ഉദ്ഘാടനം കഴിഞ്ഞ് മത്സ്യ/മാംസ വിൽപ്പനയ്ക്കുള്ള സ്റ്റാളുകൾ പൂർണ്ണമായി പ്രവർത്തനം തുടങ്ങിയ ശേഷം മാത്രം പുനർലേലം നടത്തുന്നതിന് പ്രസിഡന്റ് ഉത്തരവ് നൽകി.

ലേല നിബന്ധന 2 പ്രകാരം ലേലം ഉറപ്പിച്ച് നൽകുന്ന തിയ്യതി മുതൽ പരമാവധി ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് മുറികളും മേശകളും ലേലം കൊള്ളുന്ന വ്യക്തികൾക്ക് കൈമാറുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേല തുക പൂർണ്ണമായി ഒടുക്കിയതിനുശേഷം എഗ്രിമെന്റ് വെച്ച് മുറികൾ വാടകക്കാർക്ക്നൽകുന്നതാണ്. ലേല നിബന്ധന 8 പ്രകാരം ഭരണസമിതി അന്തിമമായി ലേലം അംഗീകരിച്ചത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനകം ഡെപ്പോസിറ്റ് തുകയുടെ 50% വും തുടർന്ന് ഒരു മാസത്തിനകം ബാക്കി തുകയും പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരം ലേലത്തുക അടവാക്കാത്ത സാഹചര്യത്തിൽ ലേല നിബന്ധന 10 പ്രകാരം ലേല നടപടികൾ റദ്ദ് ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കാനോ പുനർലേലം നടത്താനോ ഉള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/2017-18 തിയ്യതി 30.11.18 മറുപടി ലഭ്യമാക്കിയിട്ടില്ല.

മത്സ്യ മാർക്കറ്റിലെ മുറികൾ എഗ്രിമെന്റ് വെച്ച് വാടകക്കാർക്ക് നൽകിയിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു. അതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എത്രയും പെട്ടെന്ന് നടപ്പിലാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധർക്ക് കട്ടിൽ (സ്പിൽ ഓവർ) - രേഖകൾ ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 36/2018, വയോജന പരിപാലനം (എസ്.സി), സ്പിൽ ഓവർ പ്രോജക്ട് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 5,26,400/- (എസ്.സി.പി) |
| ചെലവ് | 4,84,500/- |
| ബിൽ നം. | 1/12.07.18 |

ഗ്രാമപഞ്ചായത്തിലെ 60 വയസ്സിനു മുകളിലുള്ള 150 വൃദ്ധർക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതാണ് മേൽ പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഭരണസമിതിയുടെ 27.02.2017ലെ യോഗത്തിലെ 4(5) തീരുമാന പ്രകാരം മേൽ പ്രോജക്ടിനുള്ള ടെണ്ടർ താഴെ പറയും പ്രകാരം അംഗീകരിച്ചു.

| ക്രമ നം | ടെണ്ടർ സമർപ്പിച്ചവരുടെ പേര് | ക്വാട്ട് ചെയ്ത ആകെ തുക | യൂണിറ്റ് വില | റിമാർക്സ് |
|---|---|---|---|---|
| 1. | മുഹമ്മദ് അബ്ദുറഹിമാൻ | 4,87,500 | 3250 | നിരസിച്ചു |
| 2. | ബഷീർ പി.കെ | 4,32,000 | 2880 | അംഗീകരിച്ചു |
| 3. | മുഹമ്മദ് ഷാഫി പി.കെ | 4,84,500 | 3230 | നിരസിച്ചു |
| 4. | സിദ്ധിക് കെ. | 5,22,000 | 3480 | നിരസിച്ചു |

ചില സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ റദ്ദ് ചെയ്യുന്നതായി 15.03.2017 ലെ കത്തിലൂടെ ശ്രീ. ബഷീർ പി.കെ എന്ന വ്യക്തി ഗ്രാമപഞ്ചായത്തിനെ അറിയിച്ചു. തുടർന്ന് ബഷീർ നിക്ഷേപിച്ച ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനും രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് ഷാഫി എന്നയാൾക്ക് ടെണ്ടർ അനുവദിക്കാനും തീരുമാനിച്ചു (നം. 12(1)/13.0317). ഇ.എം.ഡി മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമല്ല. ഈ രണ്ടു പേരുടെയും അതാത് ടെണ്ടർ ഫോറത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയില്ല. കൂടാതെ ശ്രീ. മുഹമ്മദ് ഷാഫി സമർപ്പിച്ച ടെണ്ടറിൽ ക്വാട്ട് ചെയ്ത തുക തിരുത്തി എഴുതിയിട്ടുണ്ട്. ഇതിന് യാതൊരു സാക്ഷ്യപ്പെടുത്തലുമില്ല. രണ്ടാമത്തെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരിൽ നിന്നും കട്ടിൽ വാങ്ങിയത് കാരണം ഗ്രാമപഞ്ചായത്തിന് 52,500/-(4,84,500 – 4,32,000) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. നിരക്ക് കുറക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് അധികൃതർ ശ്രീ. മുഹമ്മദ് ഷാഫിയുമായി കൂടിയാലോചനയും നടത്തിയില്ല.

"പാറക്കടവ് ഫർണിച്ചർ", പൂവാട്ടുപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും 150 കട്ടിലുകൾ ഗ്രാമപഞ്ചായത്തിന് നല്കിയ ബില്ലിന്റെ പകർപ്പ് പ്രോജക്ട് ഫയലിലുണ്ട്. ബില്ലിൽ ജി.എസ് ടി. തീയതിയോ കട്ടിലിന്റെ സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയില്ല. ബില്ലിന്റെ അടിഭാഗത്തായി ശ്രീ. മുഹമ്മദ് ഷാഫി.പി.കെ യുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനം ടിയാളുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമല്ല. വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 144 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ലഭ്യമായുള്ളൂ. പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗിന് വിധേയമാക്കിയില്ല. വിതരണം സംബന്ധിച്ച രേഖകൾ നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/29.11.18) മറുപടി ലഭ്യമാക്കിയില്ല. ബാക്കി 6 കട്ടിലുകളുടെ വിതരണം സംബന്ധിച്ച വിശദാംശം ലഭ്യമല്ല. 6 കട്ടിലുകൾ വിതരണം ചെയ്തതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 17,280/- (2880x6) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

തുക നിർവ്വഹണോദ്യാഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-2 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - പൂർത്തീകരണം അനിശ്ചിതത്വത്തിൽ.

ഗ്രാമപഞ്ചായത്തിലെ സർവ്വെ നമ്പർ 19/1ബിയിലെ സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സാങ്കതികാനുമതി ചീഫ് എഞ്ചിനീയറുടെ 04.06.2014 ലെ ഉത്തരവു പ്രകാരം ലഭിച്ചു. 2004 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഈ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾക്കായി 6,11,11,600/- രൂപ അടങ്കലുണ്ട്. നിർമ്മാണ ചെലവിന്റെ 90% വായ്പയായും 10% തനതുഫണ്ടിൽ നിന്നും സ്വരൂപിക്കാനും 12% പലിശനിരക്കിൽ കെ.യു.ആർ.ഡി. എഫ്.സിയിൽ വായ്പ ലഭ്യമാക്കാനും ഭരണസമിതി തീരുമാനിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സിയുമായി 15.12.2014 ൽ ഒരു വായ്പാ കരാറിലേർപ്പെട്ടു. അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം.

സാങ്കതികാനുമതി അനുവദിച്ചുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ കത്തിൽ സാങ്കതികാനുമതി നൽകിയ തീയതി മുതൽ (04.06.2014) 18 മാസമാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി. വായ്പ അനുവദിച്ചു കൊണ്ടുള്ള കെ.യു.ആർ.ഡി. എഫ്.സിയുടെ 30.07.2014 ലെ കത്തിൽ സൂചിപ്പിച്ച വ്യവസ്ഥകളിൽ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണ തീയതി ആഗസ്റ്റ് 2015 ആണ് കാണിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായുള്ള കരാറിലെ (നം, 1/15-16 തീയതി 22.07.2015) 12ാമത്തെ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി കരാർ തീയതി മുതൽ 24 മാസമാണ് (പിന്നീട് എഴുതി ചേർത്തത്). ചുരുക്കത്തിൽ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണം ഒരു കാരണവശാലും ജൂലൈ- 2017 കഴിയാൻ പാടില്ലായിരുന്നു. 29.06.17 ൽ യു.എൽ.സി.സി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ പൂർത്തീകരണ കാലാവധി 31.05.2018 വരെ നീട്ടി നൽകുവാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 26.08.17 ലെ 4ാം നമ്പർ തീരുമാന പ്രകാരം കാലാവധി പ്രസ്തുത തീയതി വരെ ദീർഘിപ്പിച്ചു. എന്നാൽ 28.11.2018ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സംഘം സൈറ്റ് നേരിൽ സന്ദർശിച്ച അവസരത്തിലും നിർമ്മാണം പൂർത്തിയായില്ലെന്ന് ബോധ്യപ്പെട്ടു. റീടെയ്നിംഗ് വാൾ നിർമ്മാണം, പ്ലംബിംഗ്, പെയിന്റിംഗ്, ലിഫ്റ്റ്, മറ്റ് ഫിനിഷിംഗ് പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള യഥാർത്ഥ തടസ്സം

എന്താണെന്ന് വ്യക്തമല്ല. ഷോപ്പിംഗ് കോംപ്ലക്സ് ലേലം സംബന്ധിച്ച ഫയൽ (ബി3-4423/17) പരിശോധിച്ചതിൽ കെട്ടിടത്തിന്റെ പൂർത്തീകരണ പ്രക്രിയയിൽ തടസ്സം നേരിടുന്നുണ്ട് എന്ന് സെക്രട്ടറി 20.02.2018 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തടസ്സം എന്താണെന്ന് വ്യക്തമാക്കിയില്ല. പൂർത്തീകരണം വൈകുന്നതിനനുസരിച്ച് വാടകയിനത്തിൽ ലഭിക്കുമായിരുന്ന വൻ തുക നഷ്ടപ്പെടുന്നതിന് ഇത് ഇടയാക്കുന്നു. പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി അയച്ചുകൊടുക്കാൻ കെ.യു.ആർ.ഡി. എഫ്.സി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12.11.2018 ന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകിയ റിപ്പോർട്ട് പ്രകാരം 75% പ്രവൃത്തികൾ മാത്രമേ പൂർത്തിയായിട്ടുള്ളുവെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ്, റിട്ടെയ്നിംഗ് വാൾ എന്നിവ പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. കൂടാതെ നിർമ്മാണം 31.03.2019 ൽ പൂർത്തീകരിക്കുമെന്നും പ്രസ്തുത റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, കെട്ടിട നിർമ്മാണ പൂർത്തീകരണത്തിൽ നേരിടേണ്ടി വരുന്ന തടസ്സമെന്താണെന്നും കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി ലംഘിച്ചതിന് കരാറുകാരനെതിരെ നിയമപരമായ നടപടി സ്വീകരിക്കേണ്ടതുമാണ്. മരാമത്ത് പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.02.2018, 02.03.2018 എന്നീ തിയതികളിലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. കൂടാതെ ഭരണസമിതിയുടെ 27.02.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിന് മെമ്പർമാരെ ചുമതലപ്പെടുത്തി. ഈ തീരുമാനങ്ങൾ ഒന്നും തന്നെ മേൽ പ്രോജക്ടിന്റെ കാര്യത്തിൽ ഫലപ്രദമായില്ല. 3.77 കോടി വകയിരുത്തിയ പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോപ്ലക്സ് കെട്ടിട സമുച്ചയ നിർമ്മാണം എന്ന പ്രോജക്ടിന് (പ്രോജക്ട് നം.147/18) തൻ വർഷത്തിൽ യാതൊരു തുകയും ചെലവഴിച്ചില്ല.

<u>അശാസ്ത്രീയമായ ചെങ്കല്ല് ഖനനം - റീടെയ്നിംഗ് വാൾ നിർമ്മാണം - അധിക ചെലവിന് സാദ്ധ്യത</u>

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം ലവൽ ചെയ്യുന്നതിനും പ്രസ്തുത ഭൂമിയിലുള്ള ചെങ്കല്ല് ഖനനം ചെയ്യുന്നതിനും ഭരണസമിതി തീരുമാനമെടുത്തു. ജിയോളജി വകുപ്പിന്റെ 16.04.2013 ലെ സെക്രട്ടറിക്കയച്ച മറുപടി കത്തിൽ, പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഖനനം നടത്തുകയാണെങ്കിൽ പെർമിറ്റ് ഫീ എടുക്കുന്നതിൽ നിന്ന് ഒഴിവാക്കുമെന്നും റോയൽട്ടി അടവാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുദ്ദേശിച്ച 55.67 സെന്റ് സ്ഥലം 18.37 സെന്റ് വീതമുള്ള മൂന്ന് പ്ലോട്ടായി തിരിക്കുകയും അവയിൽ ഖനനം നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 പേരെ അനുവദിക്കുകയും ചെയ്തു. ഖനനം ചെയ്യുന്നവരുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാറിലെ 7ാമത് വ്യവസ്ഥ പ്രകാരം ജിയോളജി വകുപ്പിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ സമ്പാദിക്കേണ്ടതാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഖനനപ്രവൃത്തിക്ക്

ഗ്രാമപഞ്ചായത്ത് അനുമതി നൽകുകയുള്ളൂ എന്ന് സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരു സാക്ഷ്യപത്രം ലഭിച്ചതായി ഫയൽ പരിശോധനയിൽ കണ്ടില്ല. അതിനാൽ ഖനനത്തിന് ജിയോളജി വകുപ്പ് നിശ്ചയിച്ച പരിധി എത്രയെന്ന് വ്യക്തമല്ല. കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ കിഴക്ക് ഭാഗം ഗ്വാളിയോർ റയോൺസിന്റെ സ്ഥലവുമായി അതിർത്തി പങ്കിടുന്നതാണ്. മാവൂർ വില്ലേജ് ഓഫീസർ 28.04.18 ൽ സെക്രട്ടറിക്കയച്ച കത്തിൽ, അയൽ കൈവശക്കാരുടെ അതിർത്തികളിൽ നിന്നും മതിയായ അകലം പാലിക്കാതെയാണ് മണ്ണ് നീക്കം ചെയ്തതെന്ന് വ്യക്തമാക്കുന്നു. അശാസ്ത്രീയമായ രീതിയിൽ (കീഴ്ക്കാം തൂക്കായി) മണ്ണ് നീക്കം ചെയ്തത് കാരണം ഗ്വാളിയോർ റയോൺസിന്റെ മതിലുൾപ്പെടുന്ന സ്ഥലം വിവിധ ഘട്ടങ്ങളിൽ ഇടിഞ്ഞു വീണതായി കമ്പനി അധികൃതർ 18.07.2014 മുതൽ നിരന്തരം പരാതിപ്പെടുകയും കോമ്പൗണ്ട് വാൾ നിർമ്മിച്ച് കൊടുത്തില്ലെങ്കിൽ പഞ്ചായത്തിനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടി വരുമെന്നും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ഭരണസമിതിയുടെ 07.08.14 ലെ 4-ാം നമ്പർ തീരുമാന പ്രകാരം മതിൽ കെട്ടാൻ തീരുമാനിച്ചു. കിഴക്ക് വശത്തെ അതിരിലെ ഗ്രൗണ്ട് ലെവൽ ഏതാണ്ട് 15 മീറ്റർ ഉയരത്തിലായതിനാലും ഓഡിറ്റോറിയത്തിനോട് ചേർന്നുള്ള ഏതാണ്ട് 50 മീറ്റർ ഭാഗം കെട്ടിടത്തിൽ നിന്ന് അകലം കുറവായതിനാലും പ്രസ്തുത അതിര് സംരക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ സുരക്ഷക്കുമായി ഒരു റീടെയ്നിംഗ് വാൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് 30.12.16 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുന്നു. കോഴിക്കോട് എഞ്ചിനീയറിംഗ് കോളജിന്റെ ജനുവരി 2013 ലെ മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം 2 മീറ്റർ മാത്രം ലാറ്ററൈറ്റ് കുഴിച്ചെടുക്കാനും ആ ഭാഗം അര മീറ്റർ കനത്തിൽ ക്വാറിവേസ്റ്റ് നിരത്തി കോംപാക്ട് ചെയ്യാനുമാണ് നിർദ്ദേശിച്ചത്. എന്നാൽ ഈ രീതിയിലല്ല ഖനനം നടത്തിയതും കെട്ടിട നിർമ്മാണം നടത്തിയതും. ചീഫ് എഞ്ചിനീയറുടെ 07.09.15 ലെ ഡി.ബി-4/ 2360/14/സി.ഇ/തസ്വഭവ കത്തിൽ, എസ്റ്റിമേറ്റിൽ കുന്ന് ഇടിച്ച് മാറ്റില്ലെന്ന് സൂചിപ്പിക്കുന്നുണ്ടെന്നും ഉയർന്ന ഗ്രൗണ്ട് ലവലിൽ നിന്നു തന്നെ 2 മീറ്റർ എസ്കവേഷൻ നടത്തി ഫൂട്ടിംഗ് നിർമ്മിക്കാനായിരുന്നു ഉദ്ദേശമെന്നും വ്യക്തമാക്കുന്നു. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപായി 7 മീറ്റർ ഉയരമുള്ള കുന്ന് ഇടിച്ച് മാറ്റിയിട്ടുണ്ടെന്നും കത്തിൽ സൂചിപ്പിക്കുന്നുണ്ട്. മതിൽ നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഒരിനമല്ല. മേൽ പറഞ്ഞ നീളത്തിലും ഉയരത്തിലും മതിൽ കെട്ടി കെട്ടിടവും അതിർത്തിയും സംരക്ഷിക്കുക എന്നത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. റിട്ടെയ്നിംഗ് വാൾ നിർമ്മിക്കുന്നതിനുള്ള സാങ്കതികാനുമതി സമീപ ഭാവിയിൽ ലഭ്യമാകുമെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഖനനം ചെയ്യുന്നവരുമായി പഞ്ചായത്ത് ഉണ്ടാക്കിയ കരാറിലെ 13-ാമത് വ്യവസ്ഥ പ്രകാരം ചെങ്കല്ല് ഖനനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തകരാറുകൾക്കോ അപകടങ്ങൾക്കോ പഞ്ചായത്തിന് യാതൊരു ഉത്തരവാദിത്വവു മുണ്ടായിരിക്കുന്നതല്ല എന്നും വ്യക്തമാക്കുന്നു. റീടെയ്നിംഗ് വാൾ നിർമ്മാണത്തിന് സാങ്കതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പയിനത്തിലുള്ള അർഹമായ തുക അനുവദിച്ച് കിട്ടിയില്ല</u>

കെ.യു.ആർ.ഡി.എഫ്.സിയും ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം നിർമ്മാണ പ്രവർത്തനത്തിന്റെ ഓരോ ബിൽ(പാർട്ട്) സമർപ്പിക്കുന്ന മുറയ്ക്ക് ആകെ പ്രവൃത്തിമൂല്യത്തിന്റെ 90% വായ്പ നൽകുന്ന സ്ഥാപനവും 10% പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. അതിൻ പ്രകാരം സമർപ്പിച്ച ഒന്നാം പാർട്ട് ബില്ലിൻെ 90% തുകയായ 20,72,600/- രൂപ ( എല്ലാ നികുതിയുൾപ്പെടെ) വായ്പയായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 2,32,51,547/- രൂപയുടെ രണ്ടാമത്തെ പാർട്ട് ബിൽ 15.12.2017 ന് കെ.യു.ആർ.ഡി.എഫ്.സിക്ക് സമർപ്പിച്ചതിനെ തുടർന്ന് 1,81,45,000/- രൂപയും സ്ഥാപനം അനുവദിച്ചു നൽകി. പ്രവൃത്തിമൂല്യത്തിന്റെ 90% തുകയായ 2,09,26,392/- രൂപ അനുവദിക്കുന്നതിന് പകരം രണ്ടാമത്തെ പാർട്ട് ബില്ലിൽ 27,81,392/- (2,09,26,392-1,81,45,000) രൂപ കുറവായാണ് തുക അനുവദിച്ചത്. ഈ തുക കൂടി അനുവദിച്ചു കിട്ടുന്നതിന് പഞ്ചായത്ത് സെക്രട്ടറി 17.03.2017 ന് കത്തയച്ചെങ്കിലും കെ.യു.ആർ.ഡി.എഫ്.സിയുടെ 25.03.2017 ലെ മറുപടിക്കത്തിൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച രണ്ടാമത്തെ പാർട്ട് ബില്ലിൽ എസ്റ്റിമേറ്റിൽ ഇല്ലാത്ത അധിക ജോലികൾ ചെയ്തതായും നികുതിയുൾപ്പെടെയുള്ള ഇനങ്ങൾ ഉൾപ്പെട്ടതായും അറിയിച്ചു. തടഞ്ഞുവെച്ച തുക അനുവദിച്ചുകിട്ടുന്നതിനായി കെ.യു.ആർ.ഡി.എഫ്.സിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് 11.09.2018 ന് ഭരണസമിതി തീരുമാനിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെയും മറ്റ് പാർട്ട് ബില്ലുകളുടെയും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>മുറികളുടെ ലേലം - ലേല നിബന്ധന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.</u>

നിർമ്മാണം പൂർത്തിയായി വരുന്ന പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 25 മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിന് 20.06.2017 ലെ ഭരണസമിതി യോഗം തീരുമാനിച്ചു (തീരുമാനം നം. 5(1)). 19.07.2017 ന് നടന്ന ലേലത്തിൽ മുഴുവൻ മുറികളും 3,30,85,000 രൂപയ്ക്ക് ലേലം ചെയ്യുകയും ഭരണസമിതിയുടെ 01.08.17 ലെ 2(1) തീരുമാന പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തു. ലേല നിബന്ധനയുടെ 8ാമത് ഖണ്ഡിക പ്രകാരം ലേലം അംഗീകരിച്ചത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനകം ഡപ്പോസിറ്റ് തുകയുടെ 50% വും തുടർന്ന് ഒരു മാസത്തിനകം ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. 05.08.17 ന് ലേലം കുത്തകക്കാർക്ക് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 24 പേരിൽ നിന്നും 1,20,15,000/- വരവ് വന്നു. ഇത് ആകെ ലേലത്തുകയുടെ 50% ത്തിൽ കുറവാണ്. ബാക്കി തുക ഒരു മാസത്തിനകം അടവാക്കണമെന്ന നിബന്ധന ഒരു കുത്തകക്കാരൻ മാത്രമേ പാലിച്ചുള്ളൂ. ലേല നിബന്ധനയുടെ 2ാമത് ഖണ്ഡിക പ്രകാരം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മുറികൾ ലേലം കൊള്ളുന്ന വ്യക്തിക്ക് കൈമാറുകയുള്ളൂ എന്ന് നിഷ്കർഷിക്കുന്നു. ആദ്യ ഗഡു അടവാക്കിയതിനുശേഷം ഒരുമാസത്തിനുള്ളിൽ മുഴുവൻ

തുക അടവാക്കിയാൽ തന്നെ കുത്തകക്കാരന് ഒരു വർഷത്തിനുശേഷവും പൂർണ്ണ സജ്ജമായ മുറികൾ നൽകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ലേല ചെയ്തതിൽ 5,14,24 എന്നീ നമ്പറിലുള്ള മുറികൾ ലേലം കൊണ്ടവർ നാളിതുവരെ ഒരു തുകയും അടവാക്കിയില്ല. ലേല നിബന്ധനയുടെ 10-ാമത് ഖണ്ഡിക പ്രകാരം നിശ്ചിത സമയത്തിനകം തുക അടവാക്കാത്ത പക്ഷം ലേലം റദ്ദ് ചെയ്ത് അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. 31.10.2018 നകം തുക അടവാക്കാൻ 09.10.2018 ന് ലേലം കൊണ്ടവർക്ക് സെക്രട്ടറി കത്തയച്ചെങ്കിലും 5,14,24 എന്നീ മുറികൾ ലേലം കൊണ്ടവർ തുക അടവാക്കിയില്ല. ഈ സാഹചര്യത്തിൽ ലേലം റദ്ദ് ചെയ്ത്, ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 30/3011.2018) മറുപടി ലഭ്യമാക്കിയില്ല.

## 3-3 കുടിവെള്ള പദ്ധതി - കരാർ വെച്ച് ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറിയില്ല – ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത.

ഗ്രാമപഞ്ചായത്തിലെ 18 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുന്നത്തടായ് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി(കൺസ്യൂമർ നം. 12630) 2000 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതി 2015 ജൂൺ വരെ പ്രവർത്തിക്കുകയും അത് വരെയുള്ള വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ കമ്മിറ്റി അടവാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ പ്രസ്തുത ഇറിഗേഷൻ പദ്ധതി, നിലവിൽ കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കുന്നത് കണ്ടെത്തിയത് കാരണം ആയതിന്റെ താരിഫ് മാറ്റുകയും 1,18,072 രൂപ കെ.എസ്.ഇ.ബി കുടിശ്ശികയായി ചുമത്തുകയും ചെയ്തു. ഇതിൽ 65,350/- രൂപ ഗുണഭോക്തൃ കമ്മിറ്റി അടവാക്കി. ബാക്കിതുക അടവാക്കാത്തതിനാൽ കെ.എസ്.ഇ.ബി യുടെ ശുപാർശ പ്രകാരം റവന്യൂ അധികൃതർ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു. പിഴപലിശ ഉൾപ്പെടെയുള്ള തുക പഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് അടവാക്കാൻ അനുമതി തേടിക്കൊണ്ട് 23.02.2016 മുതൽ നിരവധി തവണ സർക്കാരിലേക്ക് ഗ്രാമപഞ്ചായത്ത് കത്തയച്ചെങ്കിലും ഓഡിറ്റ് തീയതി വരെ മറുപടിയൊന്നും ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലെ പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ഡിസംബർ 2014 ൽ കെ.എസ്.ഇ.ബി പരിശോധിക്കുകയും വൈദ്യുതി താരിഫ് ദുരുപയോഗം ചെയ്തതിനാൽ പിഴ ചുമത്തുകയും വൈദ്യുതി ബന്ധം വിഛേദിക്കുകയും ചെയ്തു. ഇതിനെതിരെ പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റി, സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനെ സമീപിച്ച് അനുകൂല വിധി നേടിയിരുന്നു. ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി (സി) നം.28216 (ബി) നമ്പറായി കെ.എസ്.ഇ.ബി ഫയൽ ചെയ്ത അപ്പീലിൽ ബോർഡിനനുകൂലമായി 10.08.2017 ന് വിധി വന്നു. കുടിശ്ശിക പലിശയടക്കം അടക്കാൻ കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടു. 13.08.18 വരെയുള്ള

പലിശയടക്കമുള്ള ആകെ കുടിശ്ശിക 4,83,810 രൂപയാണ്. ഇത്രയും ഭീമമായ തുക ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് നൽകാൻകഴിയാത്ത സാഹചര്യത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതി ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായ് സർക്കാരിനോട് അപേക്ഷ സമർപ്പിക്കാൻ ഭരണസമിതി തീരുമാനിച്ചു (നം.6 തീയതി : 11.09.2018). ആയതിന് മറുപടിയൊന്നും ലഭിച്ചില്ല. ഭരണസമിതിയുടെ 11.10.2017 ലെ യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം താഴെ കൊടുക്കുന്നു.

*"പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ താരിഫ് ദുരുപയോഗം ആരോപിച്ചുകൊണ്ട് പിഴ ചുമത്തിയ നടപടിക്കെതിരെ പദ്ധതിയുടെ ഗുണഭോക്തൃ കമ്മിറ്റിക്കുവേണ്ടി കൺവീനർ ശ്രീ. പി.കെ വത്സരാജ് സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയും അനുകൂല* വിധി സമ്പാദിക്കുകയും ചെയ്തിരുന്നു. ആയതിനെതിരെ കെ.എസ്.ഇ.ബി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ പദ്ധതിയുടെ ഉടമസ്ഥനായ പഞ്ചായത്ത് വിഷയത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടില്ലെന്ന കെ.എസ്.ഇ.ബി യുടെ വാദം അംഗീകരിക്കുകയും ഓംബുഡ്സ്മാന്റെ വിധി ദുർബ്ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്".

ഗുണഭോക്തൃകമ്മിറ്റി. ഓംബുഡ്സ്മാനിൽ നിന്നും അനുകൂല വിധി സമ്പാദിച്ചതിനു ശേഷം കെ.എസ്.ഇ.ബി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ആക്ഷേപം ഉന്നയിച്ചില്ല എന്നത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി, പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ജലസേചന/കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതിയാണെങ്കിലും യഥാസമയം കരാർ വെച്ച് ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറാത്തത് കാരണമാണ് സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി പോലുള്ള നടപടികളുണ്ടാകുന്നത്. 11.08.2016 ലെ ഭരണസമിതി യോഗം തുക അടവാക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങുന്ന കാര്യം ചർച്ച ചെയ്തെങ്കിലും പദ്ധതികൾ രേഖാമൂലം പരിപാലന കമ്മിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. അപാകങ്ങളുടെ വിശദാംശം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/30.11.2018) മറുപടി ലഭ്യമാക്കിയില്ല.

ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 23 ജലസേചന പദ്ധതികളും 25 കുടിവെള്ള പദ്ധതികളുമുണ്ട്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി പരിശോധിക്കുകയും മുഴുവൻ പദ്ധതികളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതുമാണ്. മേൽ സൂചിപ്പിച്ചത് പോലെ സമാനമായ കേസുകളുണ്ടെങ്കിൽ പരിപാലന ചെലവ് ഗുണഭോക്തൃ കമ്മിറ്റി വഹിക്കും വിധമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെച്ച് കൈമാറേണ്ടതാണ്.

വർഷങ്ങൾക്ക് മുൻപ് കമ്മീഷൻ ചെയ്ത പദ്ധതികൾ നാളിതുവരെ കരാർ ചമച്ച് ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് കൈമാറാതിരുന്നതിന് മറുപടി നൽകേണ്ടതും ആകെയുള്ള

കുടിവെള്ള/ജലസേചന പദ്ധതികളിൽ എത്രയെന്നും ഇവയിൽ ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറിയതിന്റെ വിവരങ്ങളുമടങ്ങിയ ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-4 വൃദ്ധർക്ക് കട്ടിൽ - വിതരണം ചെയ്തതിന്റെ രേഖകളില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 100/2018, വൃദ്ധർക്ക് കട്ടിൽ (എസ്.സി) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 2,82,200/- (എസ്.സി.പി) |
| ചെലവ് | 2,82,100/- |
| ബിൽ നം. | 8/25.03.18 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടന്ന ടെണ്ടറിൽ ആഞ്ഞിലി മരത്തിൽ നിർമ്മിച്ച കട്ടിലിന് ഏറ്റവും കുറഞ്ഞ നിരക്ക് ടെണ്ടർ ചെയ്ത "കോസ്റ്റൽ ഫർണിച്ചർ" എന്ന സ്ഥാപനത്തിന് 31.03.2018 നകം കട്ടിൽ വിതരണം ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ചു. തുടർന്ന് ഏറ്റവും കുറഞ്ഞ രണ്ടാമത് നിരക്ക് ടെണ്ടർ ചെയ്ത " കെ.പി. എന്റർപ്രൈസ് എന്ന സ്ഥാപന" വുമായി ബന്ധപ്പെട്ടപ്പോൾ ടി സ്ഥാപനം 31.03.2018 നകം "കോസ്റ്റൽ ഫർണിച്ചർ ടെണ്ടർ ചെയ്ത അതേ നിരക്കിൽ തന്നെ വിതരണം ചെയ്യാമെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ഓർഡർ നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചു (നം.1(6)/21.03.2018). 70 കട്ടിലുകളുടെ വിലയായ2,82,100 രൂപയുള്ള (നികുതിയുൾപ്പെടെ) "കെ.പി. എന്റർപ്രൈസ് " ന്റെ 24.03.2018ലെ ബിൽ ഫയലിൽ അടക്കം ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെക്കുകയോ ആയത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തില്ല. സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ 31.03.2018 നകം പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ എന്നും ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് കട്ടിൽ വിതരണം ചെയ്തതെന്നും മുൻഗണന പ്രകാരമാണോ ആനുകൂല്യം നൽകിയതെന്നും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച രേഖകൾ നൽകാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/28.11.2018) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. രേഖകൾ സമർപ്പിക്കാത്ത പക്ഷം 2,82,100 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നതാണ്.

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 39/2018, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 5,00,000/- (എസ്.സി.പി) |
| ചെലവ് | 1,50,000/- |
| ബിൽ നം. | 7/19.03.18 – 1,00,000/- , 10/28.03.18 – 50,000/- |

5 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ 1 ലക്ഷം രൂപ ചെലവഴിച്ച് വീടിനോടൊപ്പം 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ഷിബില പി, വിഷ്ണു.എൻ, സൂരജ് രവി എന്നീ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് 50,000 രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അസിസ്റ്റന്റ്എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയതിന്റെയോ ബാക്കി 50,000 രൂപ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല. ശ്രീമതി. ഷിബില പി. എന്ന ഗുണഭോക്താവ് 2016-17 വർഷത്തിൽ മാവൂർ ജി.എച്ച്.എസ്.എസ് ലെ +2 വിദ്യാർത്ഥിയായിരുന്നു എന്നാണ് പ്രിൻസിപ്പാൽ സാക്ഷ്യപ്പെടുത്തിയത്. പ്രോജക്ട് നടപ്പിലാക്കിയ വർഷം (2017-18) വിദ്യാർത്ഥിയായിരുന്നു എന്നതിന് രേഖകളില്ല.

5 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകാമായിരുന്നിട്ടും 81 പേരുൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 3 പേർക്കാണ് തൻവർഷം ധനസഹായം നൽകിയത്. കൂടാതെ ശ്രീ. വിഷ്ണു.എൻ (12ാം വാർഡ്) എന്ന ഗുണഭോക്താവ് ഗുണഭോക്തൃ പട്ടികയിൽ 72ാം സ്ഥാനത്തും ശ്രീ. സൂരജ് രവി (16ാം വാർഡ്) എന്നവർ 80ാം സ്ഥാനത്തുമാണുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ രണ്ടു പേരുടെയും മാർക്ക് ചേർത്തില്ല. ബന്ധപ്പെട്ട ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ ശ്രീ. വിഷ്ണു.എൻ (രക്ഷിതാവ് - ലിജി വി.കെ) ഒന്നാമതായും ശ്രീ. സൂരജ് രവി (രക്ഷിതാവ് - ജയ.കെ) ആറാമതായും ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമസഭാ മിനുട്സിലും ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് രേഖ പ്പെടുത്തിയില്ല. മുൻഗണനാക്രമം അനുസരിച്ചാണ് ആനുകൂല്യം നൽകിയതെന്നും വർക്കിംഗ് ഗ്രൂപ്പോ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഉറപ്പ് വരുത്തിയില്ല.

പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കാതിരുന്നതിനും തൻവർഷം വിദ്യാർത്ഥിയല്ലാതിരുന്നവർക്ക് ധനസഹായം നൽകിയതിനും മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകിയതിനും മറുപടി നൽകാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/28.11.2018) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 1.5 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം : 1/18

അടങ്കൽ : 700000/-രൂപ

ചെലവു തുക : 671476/-രൂപ (ബിൽ നം.38/17-18/22.3.2018)

നിർവ്വഹണം : സെക്രട്ടറി

ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികൾക്ക് ഹോം കെയർ പരിചരണം ആവശ്യമാണ്. മേൽ പ്രൊജക്ട് പ്രകാരം പാലിയേററീവ് ഹോം കെയർ

കിററിലേക്ക് ആവശ്യമുള്ള സാമഗ്രികൾ പാലിയേററീവ് പരിചരണ പ്രൊജക്ടിൽ ഉൾപ്പെടുത്തി വാങ്ങി നൽകുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. പാലിയേററീവ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനായി കൊച്ചിൻ സർജ്ജിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനവും, ഹോംകെയർ കിററ് വിതരണം ചെയ്യുന്നതിനായി സാഫ് മെഡിക്കൽസ്, ചെറൂപ്പ, അരീക്കോട് സർജ്ജിക്കൽസ് എന്നീ രണ്ടു സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചതായി കാണുന്നു. ടെണ്ടറിൽ പാലിയേററീവ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനായികൊച്ചിൻ സർജ്ജിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയും ഹോകെയർ കിററ് സപ്ലൈ ചെയ്യുന്നതിന് സാഫ് മെഡിക്കൽസിനെയും തെരെഞ്ഞെടുക്കുകയുണ്ടായി. മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാഫ് മെഡിക്കൽസ് ലഭ്യമാക്കിയ ടെണ്ടർ പ്രകാരം ഹോംകെയർ കിററിലേക്കുള്ള 32 ഇനങ്ങൾക്ക് 136462/-രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ രണ്ടാമത്തെ സ്ഥാപനമായ അരീക്കോട് സർജ്ജിക്കൽസ് 134688/-രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽഅധിക തുക ക്വാട്ട് ചെയ്ത സാഫ് മെഡിക്കൽസിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. മാത്രമല്ല സാധനങ്ങൾ വാങ്ങിയപ്പോൾ 13500/-രൂപ വിലവരുന്ന 3 ഇനങ്ങൾ കൂടി ഉൾപ്പെടുത്തിക്കാണുന്നു. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മൊത്തം തുക 149900/-രൂപയാണ്. പ്രസ്തുത തുക ബിൽ നം.38/17-18/22.3.2018 സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നേരത്തെ നൽകിയ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത മൂന്നിനങ്ങൾ ഉൾപ്പെടുത്താനുണ്ടായ കാരണം വ്യക്തമല്ല.
2. സാഫ് മെഡിക്കൽസ് സാധനങ്ങൾ വാങ്ങിയതിന് ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി.രജിസ്ട്രേഷനുള്ള അംഗീകൃത സ്ഥാപനമാണെന്ന് ഉറപ്പാക്കുന്ന രേഖകളോ തുക കൈപ്പറ്റിയ രശീതിയോ ഹാജരാക്കിയിട്ടില്ല.
3. ലഭ്യമാക്കിയ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത സാധങ്ങൾ പാലിയേററീവ് ഹോംകെയറിന്റെ സ്റ്റോക്കിൽ വരവു കാണിച്ചിട്ടില്ലെന്നു കാണുന്നു.

| സാധനങ്ങളുടെ വിവരം | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|
| Betadin lotion 500ml | 200 Nos. | 125 | 25000 |
| Folys catheter 14M | 100 Nos. | 60 | 6000 |
| Folys catheter 16M | 100Nos | 60 | 6000 |
| Bandage Cloth 10 | 50 | 140 | 7000 |
| Condum Catheter 30Ml | 250 | 25 | 6250 |
| Raly's tube 14cc | 250 | 22 | 5500 |

4.ലഭ്യമാക്കിയ രേഖകൾ പ്രകാരം ഹോംകെയർ കിററിലേക്കാവശ്യമായ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ, ആവശ്യകതാനിർണ്ണയം എന്നിവ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിലല്ല തയ്യാറാക്കിയിട്ടുള്ളതെന്ന് കാണുന്നു. ആയതിനാൽ ഹോംകെയർ നഴ്സ് സമർപ്പിച്ച ലിസ്റ്റിന്റെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണെങ്കിലും ആയത് ഉറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.33/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 149900/-രൂപയുടെ ചെലവ് ഓഡിററിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-7 കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ98/18

ചെലവ് -312500 (വികസന ഫണ്ട് )

ബിൽ നമ്പർ,തിയ്യതി - 1/ 2017-18/29.1.18

മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 50 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം 312500 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/17-18) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി തുടങ്ങിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുമെന്നും അറിയിച്ചു. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു .

## 3-8 ബഡ്സ് സ്കൂളിലേക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ : പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം.: 97/18

അടങ്കൽ : 100000/-രൂപ

നിർവ്വഹണം : സെക്രട്ടറി

ചെലവ് തുക : 100000/-

ഡിപ്പാർട്ട്മെന്റിൽ നിന്നും 2015ൽ ലഭിച്ച 100000/-രൂപ വിനിയോഗിച്ച് 2017-18 ൽ

ഗ്രാമപഞ്ചായത്ത് വക ബഡ്സ് സ്കൂളിലേക്ക് ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായി. ടെണ്ടർ ക്ഷണിച്ചതിൽ കെ.എസ്.സെക്യൂരിററി സിസ്റ്റംസ് ഹോം ഓട്ടോമേഷൻ, കൊണ്ടോട്ടി എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിക്കുകയും ഇൻവോയ്സ് നം.27/27.3.2018 പ്രകാരം ഉപകരണങ്ങൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | ആകെ |
|---|---|---|---|
| Exam Table | 1 | 4248 | 4248 |
| Pediatric Roller | 1 | 3304 | 3304 |
| Parellel Bar | 1 | 33040 | 33040 |
| Peg Board | 1 | 3304 | 3304 |
| Physio Ball | 1 | 1770 | 1770 |
| Quatriseps | 1 | 14750 | 14750 |
| Static Cycle | 2 | 19792 | 39584 |
| Total | | | 100000 |

ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തതിനാൽ 100000/-രൂപ ചെലവഴിച്ച് വാങ്ങിയ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കാൻ കഴിയാതെ സ്കൂളിൽ സൂക്ഷിച്ചിരിക്കയാണ്. ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനു മുമ്പുതന്നെ ഉപകരണങ്ങൾ വാങ്ങിയത് പദ്ധതിനിർവ്വഹണത്തിലെ വീഴ്ചയാണ്. ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുള്ള ഓഡിററ് എൻക്വയറിക്ക് (നം.34/17-18)നൽകിയ മറുപടിയിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രൊജക്ടുകളുടെ നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മകൾ വിശകലനം ചെയ്ത് യഥാസമയം പരിഹരിക്കുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിററിയുടെയും ഭരണസമിതിയുടെയും ഇടപെടൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി യഥാസമയം പദ്ധതി അവലോകനം ചെയ്യേണ്ടതാണ്. മേൽ പദ്ധതിയിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-9 പട്ട്യോരിക്കുന്ന് അങ്കണവാടി നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകിയത് പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ട്യോരിക്കുന്ന് അങ്കണവാടി നിക്ഷേപ പ്രവർത്തിയ്ക്ക് മുൻകൂർ തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 40% തുക പഞ്ചായത്ത് വിഹിതമായാണ് അനുവദിച്ചിട്ടുള്ളത് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് തുക | ബിൽ നമ്പർ, തിയ്യതി |
|---|---|---|
| എസ്.ഒ.186/18 | 580000 | 425000, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ബിൽ നമ്പർ 12/17-18/ 28.1.18<br>155000, വികസന ഫണ്ട്<br>ബിൽ നമ്പർ 13/17-18/28.1.18 |

29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ 8.3(17) പ്രകാരം നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ നൽകണമെങ്കിൽ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ട താണെന്നും പ്രവർത്തിയ്ക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയശേഷമാണ് തുക നൽകേണ്ടത് എന്നുമുള്ള വ്യവസ്ഥകൾ പാലിയ്ക്കാതെയാണ് തുക കൈമാറിയത്. കൂടാതെ തുക വിനിയോഗിച്ച് നാളിതുവരെ പദ്ധതി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഇടപെടൽഉണ്ടായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/17-18/29-11-2018) ലഭ്യമാക്കിയ വ്യവസ്ഥകൾ അറിയില്ലായിരുന്നു എന്നുള്ള മറുപടി തൃപ്തികരമല്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 കാർഷിക മേഖലയിൽ സമഗ്രപദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നില്ല

കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ, പദ്ധതികൾ ആവിഷ്ക്കരിച്ച നടപ്പിലാക്കിയതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ ചുമതല തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുകയും ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുകയുമാണ്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപിച്ചു കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിന് 27.2.2017, 7.3.2017 എന്നീ തീയതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. യോഗങ്ങളിൽ കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ചചെയ്യുകയും വളയന്നൂർ - ചെട്ടിക്കടവ് കനാൽ ദീർഘിപ്പിച്ച് പച്ചക്കറി, നെൽക്കൃഷി എന്നിവക്ക് വെള്ളം എത്തിക്കുന്നതിനും തരിശായ സ്ഥലത്ത് കൃഷിചെയ്യുന്നതിന് കുടുംബശ്രീ, ക്ലബ്ബുകൾ, താൽപര്യമുള്ള കൃഷിക്കാർ എന്നിവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും നിർദ്ദേശം ഉണ്ടായി. കൃഷി ഓഫീസർ ലഭ്യമാക്കിയ കണക്കുപ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 334ഹെക്ടറോളം സ്ഥലം തരിശായി കിടക്കുന്നുണ്ട്. എന്നാൽ തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സമഗ്രമായ പദ്ധതികളൊന്നും തന്നെ ആവിഷ്ക്കരിക്കുകയുണ്ടായില്ല. ജി.ഒ. (എം.എസ്.)72/2017/ത.സ്വ.ഭ.വ./29.3.2017 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 1.6പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടത്.
2. കാർഷിക മേഖലയിൽ ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ വനിതകൾക്കായി നടപ്പാക്കിയ ഇടവിളക്കൃഷി പദ്ധതിയിൽ 189 പേർക്ക് 1500/-രൂപ വീതം വില വരുന്ന ഇടവിളകിറ്റ് നൽകുകയുണ്ടായെങ്കിലും ഇതുപയോഗപ്പെടുത്തി നടത്തിയ കൃഷി ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിലായിരുന്നുവെന്ന് പദ്ധതി അവലോകനം നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.
3. ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രൊജക്ടുകൾ ആവിഷ്ക്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ പ്രൊജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്.
   പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഉണ്ടായിട്ടുള്ള മേൽ അപാകതകൾക്ക്

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.13/17-18) കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ 2017-18 ൽ 3 ഹെക്ടർ സ്ഥലം നെൽക്കൃഷിക്ക് ഉപയുക്തമാക്കിയതായും വളയന്നൂർ-ചെട്ടിക്കടവ് കനാൽ ബ്ലോക്ക്തലത്തിൽ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് പരിധിയിൽ ആകെയുള്ള തരിശുഭൂമിയുടെ (334 ഹെക്ടർ) 1% പോലും കൃഷിക്ക് ഉപയുക്തമാക്കിയിട്ടില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. മാവൂർ റയോൺസ് ഫാക്ടറിയുടെ പ്രവർത്തനം നിലച്ചതിനാലും, പഞ്ചായത്ത് പരിധിയിലെ കടവുകളിലെ മണൽവാരൽ നിരോധിച്ചതിനാലും ഈ മേഖലകളിൽ ജോലിചെയ്തിരുന്ന നിരവധി പേർ കാർഷികവൃത്തിയിലേക്ക് തിരിഞ്ഞിട്ടുണ്ട്. മാത്രമല്ല പഞ്ചായത്ത് പരിധിയിൽ നിലവിൽ വന്ന റഗുലേറ്റർ കം ബ്രിഡ്ജ് നിരവധി കൃഷിയിടങ്ങളെ കൃഷിചെയ്യാൻ പറ്റാത്തവിധം വെള്ളത്തിനടിയിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 280 ഹെക്ടർ സ്ഥലം വെള്ളക്കെട്ട് നിറഞ്ഞതാണ്. ഈസാഹചര്യത്തിൽ പരമാവധി തരിശുഭൂമി കൃഷിക്കുപയുക്തമാക്കേണ്ടതുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, മൂന്നാം പട്ടിക പ്രകാരം പഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന ചെറുകിട ജലസേചന പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ മേഖലാചുമതലയാണ്.

വികസന കാഴ്ചപ്പാടിനോട് നീതിപുലർത്തിക്കൊണ്ട് വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പ്രദേശത്തിന്റെ സാധ്യതകൾക്കും പരിമിതികൾക്കും അനുസൃതമായ പ്രൊജക്ടുകൾക്ക് രൂപം കൊടുക്കാൻ പദ്ധതിരൂപീകരണ ഘട്ടത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിററിയുടെ ഇടപെടൽ വേണ്ടത്ര ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനും വിളവിസ്തൃതി വർദ്ധപ്പിക്കുന്നതിനും കാർഷിക ഉൽപന്നങ്ങളുടെ സ്വയംപര്യപ്തത കൈവരിക്കുന്നതിനും ഉതകുന്ന പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതും, പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-11 <u>സ്പിൽഓവർ ഓവർ പ്രോജക്ടുകൾ - സ്പിൽഓവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കിയില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ അതേ വർഷം തന്നെ പൂർത്തിയാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 125/18, മണക്കാട് - ചെലപ്രം റോഡ് റീ ടാറിംഗ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 4,00,000 | 96,325 |
| 2. | 136/18, അട്ടവാട് - കോട്ടക്കുന്ന് എസ്.സി കോളനി റോഡ് | എസ്.സി.പി | 2,50,000 | ഇല്ല |
| 3. | 143/18, മണക്കാട് മണ്ണത്താംക ണ്ടി കായലം റോഡ് റീ ടാറിംഗ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 3,00,000 | 77,292 |
| 4. | 151/18, മുഴാപാലം തലപ്പണക്കുന്ന് റോഡ് ടാറിംഗ് | എസ്.സി.പി | 2,50,000 | 62,500 |
| 5. | 155/18, പഴമ്പള്ളിക്കടവ് കുളിക്കടവ് നിർമ്മാണം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 70,000 | ഇല്ല |
| 6. | 166/18, ചെറൂപ്പ മിനി സ്റ്റേഡിയ ത്തിന് ഗേറ്റ് കമാനം നിർമ്മാണം | തനത് ഫണ്ട് | 1,50,000 | ഇല്ല |

| | | | | |
|---|---|---|---|---|
| 7. | 176/18, പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട സമുച്ചയ നിർമ്മാണം | തനത്ഫണ്ട് - 29,44,531<br>വായ്പ - 3,47,82,400 | 3,77,26,931 | ഇല്ല |
| 8. | 199/18, മുഴാപാലം അങ്കണവാടി വൈദ്യുതീകരണം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 50,000 | ഇല്ല |

പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ തീയതി 29.03.2017] യിലെ ഖണ്ഡിക നം 6.8 പ്രകാരം സ്പിൽഓവർ ഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പട്ടികയിലെ ക്രമ നം. 2,5,6,7,8 ലെ സ്പിൽഓവർ പ്രവൃത്തികൾക്ക് വകയിരുത്തിയതിൽ നിന്ന് യാതൊരു തുകയും തൻവർഷം ചെലവഴിച്ചില്ല. തൻ വർഷം നടന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇതു സംബന്ധിച്ച ചർച്ചകളും നടന്നില്ല. എന്നാൽ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 27.11.2017 ലെ യോഗത്തിൽ 3ാം നമ്പർ തീരുമാന പ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാനും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 29.11.2017 ലെ 1ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത തീരുമാനം കൃത്യമായി നടപ്പിലാക്കിയോ എന്ന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ഉറപ്പ് വരുത്തിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/27.11.2018) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതിരുന്നതിന് മറുപടി നൽകേണ്ടതും മേൽ സൂചിപ്പിച്ച ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിച്ചെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3-12 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച.

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ് അങ്കണവാടികളുടെ നടത്തിപ്പ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2 പ്രകാരം അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം മുതലായവ പ്രധാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഉണ്ടാകണം.

പഞ്ചായത്തിൽ ആകെ 29 അങ്കണവാടികൾ ഉള്ളതിൽ 24 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടം ഉള്ളൂ. മേച്ചേരിക്കുന്ന് (Ch no-17 ) നെല്ലോളിപ്പൊയിൽ (Ch no- 24) നെല്ലിക്കോട്ട് കുഴി (Ch no- 23) തെന പറമ്പിൽ (Ch no-15) പാടത്തും കണ്ടി (Ch no-27 ) തടത്തിൽ മീത്തൽ (Ch no-28) എന്നീ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. അവയിൽ പലതും യാതൊരു സൗകര്യവുമില്ലാതെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കളിസ്ഥലം അടുക്കള, ബാത്ത് റും കുടിവെള്ളം, ചുറ്റമതിൽ, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുണ്ട്

7-3-2017, 3-2-2018എന്നീ തിയ്യതികളിൽ യോഗം ചേർന്ന വനിതാ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്തെങ്കിലും ആ പ്രശ്നങ്ങളൊന്നും പദ്ധതികളായി ലക്ഷ്യം കൈവരിച്ചിട്ടില്ല. അങ്കണവാടികൾക്ക് കെട്ടിടമില്ലാത്ത സാഹചര്യം അവസ്ഥാ വിശകലന റിപ്പോർട്ടിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) ഉൾപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിങ്ങ് കമ്മറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങളിലും അങ്കണവാടികളുടെ നിർമ്മാണമോ സ്ഥലം വാങ്ങലോ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (17/17-18/29-11-18) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ സ്ഥല ലഭ്യതയാണ് പഞ്ചായത്തിലെ പ്രധാന പ്രശ്നമെന്നും സ്ഥലം ലഭിച്ചാൽ പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പും കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നതിന് മുൻകൈ എടുക്കും എന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിയ്ക്കുന്നനതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നില്ല

29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ 13.3 പ്രകാരം വനിതാ ഘടക പദ്ധതിയിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും കൗൺസലിങ്ങ് ഉൾപ്പെടെയുള്ള സേവനങ്ങൾ നടത്തുന്നതിനുള്ള പദ്ധതികൾ നടത്താവുന്നതാണ്. 03-04-2017 ലെ ജി.ഒ (എം.എസ്) 80/2017/തസ്വഭവ ഉത്തരവിലും സ്ഥാപനതലത്തിലും വാർഡുതലത്തിലും ജാഗ്രതാ സമിതികളുടെ

പ്രവർത്തനം കാര്യക്ഷമമാക്കാൻ നിർദ്ദേശിക്കുന്നുണ്ട്. പഞ്ചായത്തിൽ ജാഗ്രതാ സമിതിയുടെ ഇടപെടൽ ആവശ്യമായിട്ടുള്ള ധാരാളം സാഹചര്യങ്ങൾ ഉണ്ട്. എന്നാൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിലും അതിനായി പദ്ധതികൾ രൂപീകരിയ്ക്കുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വീഴ്ച വരുത്തിയിട്ടുണ്ട്. നിലവിൽ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നില്ല. അതിനായുള്ള ഭൗതിക സാഹചര്യങ്ങളും സംവിധാനങ്ങളും ഒന്നും ഒരുക്കിയിട്ടില്ല.

ജാഗ്രതാ സമിതിയ്ക്ക് ഓഫീസ് വേണമെന്ന് 7-3-17 ലെയും 16-5-17 ലെയും വനിതാവികസന വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ആ ആവശ്യത്തിനായി പദ്ധതികളൊന്നും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (19/17-18/29-11-18) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തല ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ജാഗ്രതാ സമിതിയ്ക്ക് നിലവിൽ ഭൗതിക സാഹചര്യമൊന്നും ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല എന്നും 2019-20 സാമ്പത്തിക വർഷത്തിൽ ഇതിനായി പദ്ധതികൾ രൂപീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിയ്ക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 <u>ശമ്പള പരിഷ്കരണ കുടിശ്ശിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.</u>

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 ,2018-19 സാമ്പത്തിക വർഷങ്ങളിലായി ശമ്പള കുടിശ്ശികയുടെ 1, 2, 3 ഗഡുക്കൾ താഴെ പറയുംപ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 51700440/10-08-2017<br>51700441/10-08-2017 | 259058 |
| 51700454/16-08-2017 | 47557 |

| | |
|---|---|
| 51700455/19-08-2017 | 24995 |
| 51700456/19-08-2017 | 41347 |
| 51700518/10-09-2017 | 3093 |
| 57800090/20-04-2018 | 38238 |
| 57800091/20-04-2018 | 92629 |
| 218000794/16-11-2018 | 439566 |
| 218000795/16-11-2018 | 117779 |

16-09-2018 ലെ ജി.ഒ (പി) 146/2018/ഫിന്‍ ഉത്തരവ് പ്രകാരം ശമ്പളപരിഷ്കരണ കുടിശ്ശികയുടെ 4ാം ഗഡു അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയത് അനുവദിച്ചിട്ടില്ല. ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 48(1)പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെന്‍ഷന്‍ കോണ്‍ട്രിബ്യൂഷന്‍ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കര്‍ഷിക്കുന്നുണ്ട്. സര്‍ക്കാര്‍ ഉത്തരവിലെ നിര്‍ദ്ദേശങ്ങള്‍ക്കനുസൃതമായി 01.04.2013 ന് മുമ്പ് സര്‍വ്വീസില്‍ പ്രവേശിച്ചതും, ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തില്‍ 2017-18, 2018-19 വര്‍ഷങ്ങളിലായി 4 ഗഡുക്കള്‍ കൈപ്പറ്റിയതുമായ ജീവനക്കാരുടെ പെന്‍ഷന്‍ കോണ്‍ട്രിബ്യൂഷന്‍ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രതിമാസ വരവുചെലവു കണക്കുകള്‍ പരിശോധിക്കുമ്പോള്‍ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പളനിരക്കിലുള്ള പെന്‍ഷന്‍ കോണ്‍ട്രിബ്യൂഷന്‍ കുടിശ്ശിക ബന്ധപ്പെട്ട അക്കൌണ്ടില്‍ ഒടുക്കുന്നതു സംബന്ധിച്ച് ധനകാര്യ സ്റ്റാന്‍ഡിംഗ് കമ്മിററി യാതൊരു ഇടപെടലും നടത്തിക്കാണുന്നില്ല. പ്രസ്തുത കമ്മിററിയുടെ ചുമതലയില്‍ ഉള്‍പ്പെട്ട മേല്‍വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഡിപ്പോസിററ് പ്രവൃത്തി -മാര്‍ഗ്ഗരേഖയിലെ നിര്‍ദ്ദേശങ്ങള്‍ പാലിക്കുന്നില്ല.

വിവിധ പദ്ധതികള്‍ക്കായി 2017-18 വര്‍ഷം ഗ്രാമപഞ്ചായത്ത് ചുവടെ ചേര്‍ത്തപ്രകാരം തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ട്. പദ്ധതി നിര്‍വ്വഹണത്തില്‍ ചുവടെ ചേര്‍ത്ത അപാകതകള്‍ ശ്രദ്ധയില്‍ പെടുകയുണ്ടായി.

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ഡിപ്പോസിറ്റ് തുക | ബിൽ നം./തീയതി വൗച്ചർ നം. |
|---|---|---|---|
| കെ.ഡബ്യൂ.എ | മന്നിങ്ങാത്തോടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 100000 | 41/1718/ 27.3.2018 |
| കെ.എസ്.ഇ.ബി | പൊൻപറക്കാരായി കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 31720 | 21700439/ 11.8.2017 |

1. ജി.ഒ. (എം.എസ്.) 72/2017/ത.സ്വ.ഭ.വ./29.3.2017 പുറപ്പെടുവിച്ച് പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.3(17) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് കെ.ഡബ്യൂ.എ, കെ.എസ്.ഇ.ബി.എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ നൽകാവൂ. എന്നാൽ മേൽ പ്രവൃത്തികളിൽ കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്. കെ.ഡബ്യൂ.എ ക്ക് തുക കൈമാറി മാസങ്ങൾക്കുശഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. 27.3.2018 ന് തുക കൈമാറിയിട്ടുണ്ടെങ്കിലും 4.7.2018നു മാത്രമാണ് കെ.ഡബ്യൂ.എ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാർ വെച്ചിട്ടുള്ളത്.
2. മേൽപ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ചോ, തുകയുടെ വിനിയോഗം സംബന്ധിച്ചോ മേൽ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡിപ്പോസിററ് പ്രവൃത്തികൾക്ക് തുക നൽകുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതും മേൽ പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കററ്, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 131720/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-16** <u>സംയുക്ത പ്രൊജക്ടുകൾക്കായുള്ള ഫണ്ട് ക്യാഷ്ബുക്കിൽ വരവുചെലവു രേഖപ്പെടുത്തിയില്ല</u>

പ്രൊജക്റ്റ് നം. : 94/18

അടങ്കൽ : 445600/-രൂപ

ചെലവു തുക : 246487/രൂപ

നിർവ്വഹണം : കൃഷിഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം നെൽകൃഷിക്ക് വിത്ത്, രാസവളം, കൂലിച്ചെലവ് എന്നിവ നൽകുന്നതിനായി 42500/-ജില്ലാപഞ്ചായത്ത് വിഹിതവും 42500/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 162200/-രൂപ വികസന ഫണ്ടും വകയിരുത്തിയിരുന്നു. പദ്ധതിയ്ക്കായി 246487/-രൂപ ചെലവഴിച്ചപ്പോൾ ജില്ലാബ്ലോക്ക് വിഹിതമായ 85000/-രൂപ സെക്രട്ടറിയുടെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ടി.എസ്.ബി.അക്കൗണ്ടിൽ നിന്നും ചെക്ക് നം.0961005/28.2.2018 പ്രകാരം കൃഷി ഓഫീസർക്ക് കൈമാറുകയും പ്രസ്തുത തുക കൂലി ചെലവിനത്തിൽ വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായി. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറുടെ ടി.ആർ 7എ ക്യാഷ് ബുക്കിൽ പ്രസ്തുത തുക വരവുചെലവു രേഖപ്പെടുത്തിയിട്ടില്ല. ജിഒ (പി)177/2006/ഫിൻ./12.4.2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി.ആർ 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടമെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവു വിവരം രേഖപ്പെടുത്തണം. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ചെക്ക് ലഭിക്കുമ്പോൾ വരവു കോളത്തിലും ചെലവുചെയ്യുമ്പോൾ ചെലവു കോളത്തിലും രേഖപ്പെടുത്തേണ്ടതാണ്. പദ്ധതിയ്ക്കായി ചെലവഴിച്ച 85000/-രൂപ കൃഷി ഓഫീസറുടെ ക്യാഷ് ബുക്കിൽ വരവുചെലവു രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 പഞ്ചായത്ത് വാഹനം ഉപയോഗം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. ഈ ചുമതലകൾ ശരിയായി നിർവ്വഹിക്കുന്നതിനായി ജി.ഒ.എം.എസ്. 170/07/ ത.സ്വ.ഭ.വ. / 30.6.2007, 41/2008/ഫിൻ./2.8.2008 നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

KL-11/AQ 8888 നമ്പറിലുള്ള പഞ്ചായത്ത് വക ജീപ്പിന്റെ ഇന്ധനം, റിപ്പയർ എന്നിവയ്ക്കായി തൻവർഷം ചെലവഴിച്ച തുകകളുടെ ആധികാരികത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ് എന്നനിർദ്ദേശം പാലിച്ചിട്ടില്ല. 1-7-18 മുതൽ ഒരു തവണ പോലും സെക്രട്ടറി ലോഗ്ബുക്ക്

പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന എല്ലാവർഷവും കൃത്യസമയത്ത് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വക വാഹനത്തിന്റെ ഇന്ധനക്ഷമതാ 31.10.2017 നശേഷം നടത്തിയിട്ടില്ല.

3)മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ,ഫ്യുവൽ രജിസ്റ്റർ, എന്നിവ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കുന്നില്ല. ഓഡിററ് കാലയളവിൽ വാഹനത്തിന് ഒട്ടേറെ റിപ്പയർ പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും റിപ്പയർ സംബന്ധിച്ച വിവരങ്ങൾ പരിശോധിയ്ക്കാനായിട്ടില്ല.

4) തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5)ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്തആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ 1-7-2018 മുതൽ അധിക ദിവസങ്ങളിലെയും യാത്രകൾ ബന്ധപ്പെട്ട വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്നില്ല.

6)വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീററർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇന്ധനം നിറച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകളെല്ലാം ലോഗ് ബുക്കിൽ വരുത്തിയിട്ടില്ല.

7)വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം എന്നിവക്ക് കൺട്രോളിംഗ് ഓഫീസർക്ക് പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

## 3-18 സ്ഥല പരിശോധന നടത്താതെ ബിൽഡിങ്ങ് പെർമിറ്റ് അനുവദിച്ചത് പഞ്ചായത്തിന് ബാധ്യതയായി മാറുന്നു.

ATC ടെലകോം ടവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് മാവൂർ ഗ്രാമ പഞ്ചായത്തിനെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. (WP(C) No.2792/17). കേസിന് ഹൈക്കോടതിയിൽ ഹാജരായി പഞ്ചായത്തിനു വേണ്ടി കൗണ്ടർസ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തതിന് ശ്രീ.കെ.എം ഫിറോസിന്

വക്കീൽ ഫീസായി 10000 രൂപ ചെക്ക് നമ്പർ 02056010/05-05-2017 പ്രകാരം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കേസിന്റെ ഫയൽ പരിശോധിച്ചതിൽ ടവർ നിർമ്മാണ പെർമിറ്റിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്ഥലപരിശോധന നടത്താതെ പെർമിറ്റ് അനുവദിച്ചതിനാലാണ് ഇത്തരത്തിൽ കേസിലേയ്ക്ക് നയിച്ച സാഹചര്യം ഉണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

16-ാം വാർഡിൽ ടെലികമ്മ്യൂണിക്കേഷൻ ടവർ നിർന്നിക്കുന്നതിന് BL-363/15-16/ 29-04-2016 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചതിനുശേഷം പ്രദേശവാസികളുടെ എതിർപ്പുണ്ടായ സാഹചര്യത്തിൽ പരിശോധിച്ചപ്പോഴാണ് മേൽ പെർമ്മിറ്റിനായി അപേക്ഷയോടൊപ്പം തെറ്റായ വിവരങ്ങൾ നൽകിയാണ് സ്ഥാപനം പെർമിറ്റ് നേടിയതെന്ന് ബോധ്യമായത്. അതായത് അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിലെ കിഴക്ക് ഭാഗത്തുള്ള പഞ്ചായത്ത് റോഡ് എന്നത് തെറ്റായ വിവരമാണെന്നും അത് സ്വകാര്യ വ്യക്തിയുടെതാണെന്നും കൂടാതെ അപേക്ഷയോടൊപ്പം സമർപ്പിച്ച ലീസ് ഡീഡിലെ വസ്തു സംബന്ധിച്ച വിവരവും തെറ്റാണെന്ന് ബോധ്യമായി. തുടർന്ന് 25-08-2017 ലെ A4/5821/17 ഉത്തരവിലൂടെ ടവർ നിർമ്മാണത്തിന് നൽകിയ പെർമിറ്റ് പഞ്ചായത്ത് റദ്ദ് ചെയ്തു. ഇതിനെതിരെയാണ് ATC ടെലകോം ടവർ കോർപ്പറേഷൻ പഞ്ചായത്തിനെതിരെ കേസ് ഫയൽ ചെയ്തത്. പഞ്ചായത്തിന്റെ ഭാഗത്തുണ്ടായ വീഴ്ചയാണ് കേസിനാസ്പദമായ സാഹചര്യം ഉണ്ടാക്കിയതും അതുവഴി സാമ്പത്തിക ബാധ്യതയുണ്ടാകുന്നതും. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-19** തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻ ഉൾപ്പെടുത്തി 2016-17 വർഷം മുതൽ നിർവ്വഹണം നടപ്പിലാക്കിവരുന്ന മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 18-10-2016 ൽ നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ബി. സനിൽ കുമാർ മഞ്ഞക്കോട്ട് എന്ന കരാറുകാരന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് 78,49,2017 രൂപയ്ക്ക് കരാർ ഉറപ്പിയ്ക്കുകയും ചെയ്തു. (കരാർ നമ്പർ 1/16-17/4-11-2016) ഭരണ സമിതിയുടെ 31-10-2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം നിരക്കുകൾ അംഗീകരിക്കുകയും ചെയ്തു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച.

സ.ഉ(പി) 524/15/ധനം തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ- ടെണ്ടർ ചെയ്യേണ്ടതാണ്. എന്നാൽ 78,49,2017 രൂപയ്ക്ക് കരാറിൽ ഏർപ്പെട്ട ഈ പ്രവൃത്തി ഇ- ടെണ്ടർ ചെയ്തിട്ടില്ല.

മെറ്റീരിയൽ ആവശ്യമായ എല്ലാ പ്രവർത്തികളുടെയും ആകെ എസ്റ്റിമേറ്റ് 1,15,00,000 കണക്കാക്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനായി ഇ ടെണ്ടർ നടപടികൾ സ്വീകരിയ്ക്കാത്തതിന് വിശദീകരണം ലഭ്യമക്കേണ്ടതാണ്.

2) അംഗീകൃത വിതരണക്കാരിൽ നിന്ന് ടെണ്ടർ ക്ഷണിയ്ക്കുന്നതിന് പകരം അംഗീകൃത കരാറുകാരിൽ നിന്ന് സ്വീകരിച്ചു.

പ്രവർത്തികൾക്കാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത വിതരണക്കാരിൽനിന്നായിരുന്നു ടെണ്ടർ ക്ഷണിയ്ക്കേണ്ടത്. 8-10-2016 ലെ ടെണ്ടർ പരസ്യത്തിൽ മെറ്റീരിയൽ വിതരണം ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു എന്നാണ് വ്യക്തമാക്കിയത്. ടെണ്ടർ ലഭിച്ചത് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകാരമുള്ള കരാറുകാരനാണോ എന്ന് വ്യക്തമല്ല. 2017-18ൽ നടപ്പിലാക്കിയ 29 പ്രവർത്തികളിലെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ വിതരണ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ വിവിധ പ്രവർത്തികൾക്ക് മെറ്റീരിയൽ നൽകുമ്പോൾ മഞ്ഞക്കോട്ട് മെറ്റീരിയൽ എന്ന സ്വന്തം പേരിലുള്ള സ്ഥാപനത്തിന്റെ ബില്ലാണ് പഞ്ചായത്തിന് നൽകിയിട്ടുള്ളത്. ഈ ബില്ലിൽ ടിയാന്റെ ജി.എസ്.ടി .റജിസ്ട്രേഷൻ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

കരാറുകാരൻ ക്യാഷ് ബിൽ ഹാജരാക്കാത്തതിനാൽ മെറ്റീരിയൽ വിതരണം ചെയ്യാൻ കരാറുകാരന് അധികാരമുണ്ടോ എന്ന വസ്തുത നിലനിൽക്കുന്നു. അതിനാൽ ക്യാഷ് ബില്ലിന്റെ അഭാവത്തിൽ, ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടമുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളേണ്ടതാണ്.

3) പ്രവർത്തികളുടെ എം-ബുക്കിൽ ഉപയോഗിച്ച മെറ്റീരിയലുകളുടെ ആഡിക്വസി എഴുതിയിട്ടില്ല. കൂടാതെ എം-ബുക്കുകളിൽ മെമ്മോ ഓഫ് പെയ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/17-18/29.11.2018) 3.12.2018 ന് A1-4091/18 പ്രകാരം ലഭ്യമാക്കിയ ക്രമ നമ്പർ 1 നുള്ള മറുപടിയിൽ ഉത്തരവ് തൊഴിലുറപ്പ് പദ്ധതിയ്ക്ക് ബാധകമായിരുന്നു എന്ന് അറിയില്ലായിരുന്നു എന്ന മറുപടി തൃപ്തികരമല്ല. ക്രമ നമ്പർ 2 ന്റെ മറുപടിയിൽ ജി.എസ്.ടി മൊത്തം അടച്ച ബില്ലിന്റെ പകർപ്പ് ഹാജരാക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും അത് ഹാജരാക്കിയിട്ടില്ല. മെഷർമെന്റ് ബുക്കിൽ മെറ്റീരിയലിന്റെ ആഡിക്വസി രേഖപ്പെടുത്തുന്നതിനു ശ്രദ്ധിയ്ക്കേണ്ടതാണ്. അപാകതകൾ പരിഹരിയ്ക്കുന്നതിനായി വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## **3-20** <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

ഹെഡ് മാസ്റ്റർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | കൈമാറിയ തുക | ബിൽ നം | ഫണ്ടിനം | നിർവഹണം |
|---|---|---|---|---|---|
| 1. | 31/18, എസ്.എസ്.എ ഷെയർ (ജനറൽ) | 6,00,000 | 1/25.08.2017 | വികസന ഫണ്ട് | ഹെഡ്മാസ്റ്റർ |
| 2. | 32/18, എസ്.എസ്.എ ഷെയർ (എസ്.സി) | 4,00,000 | 2/25.08.2017 | എസ്.സി.പി | ഹെഡ്മാസ്റ്റർ |
| 3. | ഐ.കെ.എം. വിഹിതം നൽകൽ 3/18 | 65000/ | 7/17-18 25.7.2017 | വികസന ഫണ്ട് (ജനറൽ) | സെക്രട്ടറി |

മേൽ രീതിയിൽ തുക കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്തിന് നൽകിയ സേവനം സംബന്ധിച്ച വിശദാംശം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക്ഹാജരാക്കേണ്ടതാണ്.

## 3-21 മൃഗ സംരക്ഷണ പദ്ധതികൾ ഗുണഭോക്തൃവിഹിതം ചെലവ് കണക്കിലെ അപാകത

വെറ്ററിനറി സർജൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഗുണഭോക്തൃവിഹിതമായി ഗുണഭോക്താക്കളിൽനിന്ന് പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടച്ചതിനുശേഷം പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ ഇതിന്റെ ചെലവ് തുക തെറ്റായിട്ടാണ് കാണിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ഗുണഭോക്തൃവിഹിതം ചെലവ് തുക | ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക |
|---|---|---|
| എസ്.ഒ.104/18 മുട്ടഗ്രാമം പദ്ധതി | 202500ചെക്ക്നമ്പർ 2066572/28.3.18 | 0 |
| എസ്.ഒ.109/18 കിടാരി വളർത്തൽ (വനിത) | 108000ചെക്ക്നമ്പർ 206657207/28.3.18 2066552/28.3.18 | 66000 |
| എസ്.ഒ.116/18 കറവപ്പശു (വനിത) | 450000ചെക്ക്നമ്പർ 2066572/28.3.18 2066520/28.3.18 | 1,50,000 |
| എസ്.ഒ.119/18 പെണ്ണാട് (വനിത) | 180000ചെക്ക്നമ്പർ 20665720/28.3.18 2066552/28.3.18 | 90,000 |
| എസ്.ഒ.123/18 കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 163400ചെക്ക്നമ്പർ 2066572/ 28.3.18 2066520/ 28.3.18 2066572 / 28.3.18 | 1,23,000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-22 ഗുണനിലവാരം ഉറപ്പുവരുത്താതെ ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നു

29 അങ്കണവാടികളിലെ കുട്ടികൾക്കായി എസ്.ഒ 10/2017-18 (അങ്കണവാടി പോഷകാഹാര പദ്ധതി) യിൽ ഉൾപ്പെടുത്തി ടി.എച്ച് ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഉണർവ്വ് ഫുഡ് പ്രൊഡക്ട്സ് മാവൂർ എന്ന ന്യൂട്രീമിക്സ് കുടുംബശ്രീ യൂണിറ്റിൽനിന്നാണ് ഭക്ഷ്യമിശ്രിതം അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ ഈ ന്യൂട്രീമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി ഡി.എസ്

ബി.3-312/ 2010/18-12-10 - ലെ കത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യത്തിൽ യാതൊരു ഇടപെടലും നടത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യക്കാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/ 17 - 18 ) ലഭ്യമാക്കിയ മറുപടിയിൽ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് അയയ്ക്കുന്നതിന് ചെന്നൈ ലുള്ള ലാബ് കാലതാമസം വരുത്തുന്നതിനാൽ ന്യൂട്രിമിക്സ് വിതരണത്തിൽ തടസ്സം വരാതിരിക്കാൻ റിസൾട്ട് വരുന്നതിനു മുൻപ് ഭക്ഷ്യ വിതരണം നടത്തുന്നു എന്നറിയിച്ചു. പരിശോധനയ്ക്കയച്ച സാമ്പിളിന്റെ റിസൾട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 3-23 സ്റ്റോക്ക് റജിസ്റ്ററിൽ ഇല്ലാത്ത ഭക്ഷ്യമിശ്രിതത്തിന് വിലവ്യത്യാസം അനുവദിച്ചു.

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പിലാക്കിയ അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി (എസ്.ഒ 10/17-18) എന്ന പദ്ധതിയിൽ ഭക്ഷ്യ മിശ്രിതത്തിന്റെ ഒരു പായ്ക്കറ്റ് വില 56 രൂപയിൽ നിന്ന് 70 രൂപയാക്കി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിലവ്യത്യാസം കിലോയ്ക്ക് 14 രൂപവീതം അനുവദിച്ചിട്ടുണ്ട്. ബിൽ നമ്പർ 1/17-18/25.8.17 പ്രകാരം പിൻവലിച്ചിട്ടുള്ള 525260 രൂപയിൽ 20230 രൂപ അമൃതം ന്യൂട്രീമിക്സ് ഉണർവ്വ് ഫുഡ് പ്രൊഡക്ട്സ് മാവൂർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. 17.01.17 ലെ ബിൽ പ്രകാരം ലഭിച്ചിട്ടുള്ള 1445 കി.ഗ്രാം ഭക്ഷ്യ മിശ്രിതത്തിന്റെ വില വ്യത്യാസമായാണ് തുക അനുവദിച്ചിട്ടുള്ളത് (1445X14). എന്നാൽ 1/2017 ൽ 1445 kg ന്യൂട്രീമിക്സ് ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 11/2016 ൽ 1470 kg ന്യൂട്രീമിക്സ് ഇറക്കിയതിന് ശേഷം 4/2017 ലാണ് പിന്നീട് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ലഭിച്ചിട്ടുള്ളത്. സ്റ്റോക്കിൽ ഇല്ലാത്ത ഭക്ഷ്യമിശ്രിതത്തിന് വിലവ്യത്യാസം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (23/17-18/29-11-18) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ മുമ്പുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ വിതരണം ചെയ്ത ബില്ലുകളിലെ വില വ്യത്യാസം ഓഡിറ്റു കഴിഞ്ഞതാണെന്നുള്ള അമിത വിശ്വാസത്തിൽ പാസാക്കി കൊടുത്തതാണ് എന്ന മറുപടി തൃപ്തികരമല്ല. സ്റ്റോക്ക് റജിസ്റ്ററിൽ ഇല്ലാത്ത ഭക്ഷ്യമിശ്രിതത്തിന് വിലവ്യത്യാസം അനുവദിച്ച 20230 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

## 3-24 സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല - സർക്കാർ ഗ്രാന്റുകൾ വൻതോതിൽ നഷ്ടപ്പെടുന്നു.

2017- 18 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 104 മരാമത്ത് പ്രോജക്ടുകളിൽ 61 എണ്ണം പുതിയ പ്രോജക്ടുകളും 43 എണ്ണം സ്പിൽ ഓവർ പ്രോജക്ടുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള 61 പുതിയ പ്രോജക്ടുകളിൽ 35 എണ്ണത്തിനും 43 സ്പിൽ ഓവർ പ്രോജക്ടുകളിൽ 8 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല (ഖണ്ഡിക നം. കാണുക). ആകെയുള്ള 104 മരാമത്ത്

പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 32,94,960 | 21,71,248 | 11,23,712 | 65.9 |
| വികസന ഫണ്ട്-എസ്.സി.പി | 48,24,614 | 29,95,584 | 18,29,030 | 62.08 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 93,01,315 | 48,03,493 | 44,97,822 | 51.64 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,00,000 | 1,87,659 | 1,12,341 | 62.55 |
| തനത് ഫണ്ട് | 33,44,531 | 2,50,000 | 30,94,531 | 7.47 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000 | 0 | 5,00,000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 9,05,000 | 5,00,000 | 4,05,000 | 55.25 |
| സംരക്ഷണ ഗ്രാന്റ് | 1,06,34,554 | 61,32,584 | 45,01,970 | 57.67 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 26,45,300 | 14,57,179 | 11,88,121 | 55.09 |
| വായ്പ/ഗുണഭോക്തൃ വിഹിതം | 3,48,42,400 | 0 | 3,48,42,400 | 0 |
| ആകെ | 7,05,92,674 | 1,84,97,747 | 5,20,94,927 | 26.20 |

മേൽ പട്ടിക പ്രകാരം, താഴെ പറയുന്ന ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ

ഫലത്തിൽ 1,31,40,655 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 11,23,712 |
| വികസന ഫണ്ട്- എസ്.സി.പി | 18,29,030 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 44,97,822 |
| സംരക്ഷണ ഗ്രാന്റ് | 45,01,970 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 11,88,121 |
| ആകെ | 1,31,40,655 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം, സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം, കരാർ വെച്ച പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ കാണിച്ച വിമുഖത എന്നിവ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായെന്ന് ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത പുതിയ പ്രോജക്റ്റുകളിൽ 35 പ്രോജക്റ്റുകൾക്ക് തൻവർഷം ചെലവൊന്നുമുണ്ടായില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ഡി.പി.സി അംഗീകാരം | സാങ്കേതിക അനുമതി | ടെണ്ടർ/ റീ ടെണ്ടർ | കരാർ |
|---|---|---|---|---|---|---|
| 1. | 57/17-18, പുലപ്പാടി ആയോത്ത് നോർത്ത് ബ്രാഞ്ച് റോഡ് | 2,00,000 | 27.05.2017 | 11.08.2017 | 11.12.2017 | 12.02.2018 |
| 2. | 58/17-18, മാവൂർ മനന്തലക്കടവ് റോഡ് | 2,50,000 | 27.05.2017 | 11.08.2017 | 17.12.2017 | 12.02.2018 |
| 3. | 59/17-18, എഴുന്നിലം മസ്ജിദ് റോഡ് | 3,00,000 | 27.05.2017 | 03.08.2017 | 17.01.2018 | 12.02.2018 |
| 4. | 71/17-18, മത്സ്യ മാർക്കറ്റ് പൂർത്തീകരണം | 7,00,000 | 27.05.2017 | 18.12.2017 | 15.01.2018 | 24.01.2018 |
| 5. | 73/17-18, എഴുന്നിലം അംഗന വാടി പൂർത്തീകരണം | 3,30,300 | 22.05.2017 | 11.08.2017 | 16.01.2018 | 28.01.2018 |

| | | | | | | |
|---|---|---|---|---|---|---|
| 6. | 75/17-18, വളയന്നൂർ ജി.എൽ.പി. എസ് ഗ്രിൽ പ്രവൃത്തി | 1,00,000 | 27.05.2017 | 08.08.2017 | 18.12.2017 | 27.12.2017 |
| 7. | 78/17-18, എടക്കുനി കുടിവെള്ള പദ്ധതി | 6,60,000 | 30.08.2017 | 16.10.2017 | 16.03.2018 | 28.03.2018 |
| 8. | 80/17-18, പൂപറമ്പത്ത് കുടിവെള്ള പദ്ധതി | 3,21,200 | 25.10.2017 | 16.03.2018 | 16.03.2018 | 18.03.2018 |
| 9. | 86/17-18, പള്ളിക്കോത്ത് താഴം ചക്കിട്ടകണ്ടി റോഡ് | 2,50,000 | 22.05.2017 | 18.08.2017 | 17.01.2018 | 12.02.2018 |
| 10. | 87/17-18, പാഞ്ചീരി മീത്തൽ ഗോശാലം പറമ്പ് റോഡ് | 2,50,000 | 22.05.2017 | 18.08.2017 | 17.01.2018 | 12.02.2018 |
| 11. | 14/17-18, മലപ്രം മഞ്ഞോടി റോഡ് ടാറിംഗ് | 2,00,000 | 27.05.2017 | 28.07.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 12. | 15/17-18, മലപ്രം ചെറുകുളത്തൂർ റോഡ് | 2,55,875 | 27.05.2017 | 26.09.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 13. | 16/17-18, ഖാദി ബോർഡ് പട്ടേരിക്കുന്ന് റോഡ് | 2,50,000 | 27.05.2017 | 08.08.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 14. | 17/17-18, പൊക്കിനാത്ത് | 2,00,000 | 27.05.2017 | 02.08.2017 | 28.11.2018 | 06.02.2018 |

| | | | | | | |
|---|---|---|---|---|---|---|
| | പട്ടേരിമ്മൽ റോഡ് | | | | റീ-ടെണ്ടർ | |
| 15. | 24/17-18, ചീളപ്പുറത്ത് താഴം വില്ലേരിക്കുന്ന് റോഡ് | 3,35,000 | 27.05.2017 | 11.08.2017 | 28.11.2018 റീ-ടെണ്ടർ | 17.02.2018 |
| 16. | 25/17-18, തെങ്ങിലക്കടവ് വില്ലേരി താഴം റോഡ് | 3,00,000 | 27.05.2017 | 08.08.2017 | 28.11.2018 റീ-ടെണ്ടർ | 14.02.2018 |
| 17. | 26/17-18, തെങ്ങിലക്കടവ് വില്ലേരി താഴം റോഡ് | 200,000 | 27.05.2017 | 08.08.2017 | 28.11.2018 റീ-ടെണ്ടർ | 14.02.2018 |
| 18. | 45/17-18, മുഴാപ്പാലം കുറ്റിക്കടവ് റോഡ് | 2,00,000 | 27.05.2017 | 28.07.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 19 | 46/17-18, മുഴാപ്പാലം സങ്കതം റോഡ് | 4,00,000 | 27.05.2017 | 11.08.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 20. | 48/17-18, കുതിരാടം ക്രഷർ അര യങ്കോട് തിരുതാലമ്മമൽ റോഡ് | 2,00,000 | 27.05.2017 | 13.08.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 21. | 89/17-18, വള്ളിക്കാട്ടിൽ റോഡ് | 2,50,000 | 25.07.2017 | 02.08.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 22. | 105/17-18, വെള്ളത്തോടത്ത് താഴം ചോലക്കൽ റോഡ് | 2,00,000 | 25.05.2017 | 05.07.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |

| | | | | | | |
|---|---|---|---|---|---|---|
| 23. | 106/17-18, തട്ടാമ്പലത്ത് പറമ്പ ത്താന റോഡ് | 2,00,000 | 27.05.2017 | 02.08.2017 | 28.11.2018 റീ-ടെണ്ടർ | 06.02.2018 |
| 24. | 56/17-18, താത്തൂർ പൊയിൽ അങ്ങാടിക്കടവ് റോഡ് | 2,50,000 | 27.05.2017 | 28.07.2017 | 17.01.2018 | 12.02.2018 |
| 25. | 103/17-18, പള്ളിക്കോത്ത് പാട ത്തും കണ്ടി കുടിവെള്ള പദ്ധതി | 10,05000 | ----- | 23.02.2018 | 22.3.2017 | 18.03.2018 |
| 26. | 90/17-18, മണക്കാട് മണ്ണത്താൻ കണ്ടി കായലം റോഡ് | 2,50,000 | 27.05.2017 | 02.08.2017 | 17.01.2018 | 06.02.2018 |
| 27. | 55/17-18, ഗീതാ ക്വാർട്ടേഴ്സ് ആശാരി പുൽപറമ്പിൽ റോഡ് | 3,50,000 | 27.05.2017 | 04.08.2017 | 17.01.2018 | 12.02.2018 |
| 28. | 107/17-18, മണക്കാട് മണ്ണത്താൻ കണ്ടി കായലം റോഡ് റീച്ച്-2 | 2,00,000 | 27.05.2017 | 11.08.2017 | 17.01.2018 | 06.02.2018 |
| 29. | 111/17-18, മുഴാപ്പാലം തലപ്പണ ക്കുന്ന് റോഡ് | 2,50,000 | 27.05.2017 | 23.10.2017 | 17.01.2018 | 06.02.2018 |
| 30. | 113/17-18, അട്ടവാട് കോട്ടക്കുന്ന് | 3,00,000 | 22.05.2017 | 23.11.2017 | 15.12.2017 | 14.02.2018 |

| | | | | | | |
|---|---|---|---|---|---|---|
| | കോളനി തിരുമംഗലം റോഡ് | | | | | |
| 31. | 120/17-18, കാര്യാട്ട് എൽ.പി. എസ്. അംഗൺവാടി റോഡ് | 1,50,000 | 27.05.2017 | 23.10.2018 | 17.01.2018 | 12.02.2018 |
| 32. | 60/17-18, പുറത്തഞ്ചേരി കനിയ മഠം റോഡ് | 3,00,000 | 27.05.2017 | 06.08.17 | 17.01.2018 | 12.02.2018 |
| 33. | 76/17-18, മണക്കാട് യു.പി സ്കൂളിൽ മുറ്റം ഇന്റർലോക്ക് | 3,50,000 | ---- | --- | 15.12.2017 | 27.12.2017 |
| 34. | 166/17-18, ചെറൂപ്പ മിനി സ്റ്റേഡിയ ത്തിന് കമാനം നിർമ്മാണം | 1,50,000 | 22.05.2017 | 15.08.2017 | 15.12.2017 | 18.12.2017 |
| 35. | 199/17-18, മുഴാപ്പാലം അംഗന വാടി ഇലക്ട്രിഫിക്കേഷൻ | 50,000 | 24.02.2018 | ----- | 16.03.2018 | ---- |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, ഖണ്ഡിക നം. 6.11, 7.1 എന്നിവ അനുസരിച്ച് ഡി.പി.സി അംഗീകാരം ലഭിച്ചയുടൻ പ്രോജക്ടുകൾ എസ്റ്റിമേറ്റ് സഹിതം സാങ്കേതികാനുമതിക്ക് നൽകേണ്ടതാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്നതിന് മിക്ക അവസരങ്ങളിലും നാലോ അഞ്ചോ മാസം താമസം വരുന്നുണ്ട്. ചില പദ്ധതികൾ കരാർ വെച്ചതിനു ശേഷം കരാറുകാരൻ പദ്ധതി ഉപേക്ഷിച്ചതായും കാണുന്നു (മേൽ പട്ടികയിലെ ക്രമ നം. 11 മുതൽ 23 വരെയുള്ള പ്രോജക്ട് കാണുക). പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ, കരാറുകാരൻ

പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കരാറുകാർ പഞ്ചായത്തിൽ അടവാക്കിയ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ വിശദാംശം എന്നിവ ലഭ്യമല്ല. തൻവർഷം അംഗീകാരം ലഭിച്ച ഭൂരിഭാഗം പ്രവൃത്തികളും കരാറുകാരെ നിശ്ചയിക്കാൻ കഴിഞ്ഞത് സാമ്പത്തിക വർഷാവസാന ത്തിലാണ്. പ്രവൃത്തികളുടെ പൂർത്തീകരണ ഘട്ടങ്ങൾ കാണിക്കുന്ന പ്രവർത്തന കലണ്ടർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയില്ല. തൻവർഷം (കരാർ ചമച്ച) പൂർത്തീകരിക്കാത്ത മേൽപറഞ്ഞ പ്രോജക്ടുകൾ 2018-19 വർത്തേയ്ക്ക് സ്പിൽഓവർ ആയാണ് വരുന്നത്. സ.ഉ.(സാധാ) നം. 3088/2018/ധന. തീയതി, 31.03.2018 പ്രകാരം വിവിധ പ്രാദേശിക സർക്കാരുകൾക്കുള്ള 2016-17 ലെ സ്പിൽ ഓവർ തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 100% വികസനഫണ്ട് വിനിയോഗം നടത്തിയ പ്രാദേശിക സർക്കാരുകൾക്ക് സ്പിൽഓവർ പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നുവെന്നാണ് ഈ ഉത്തരവിൽ വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിൽ സ്പിൽഓവർ പദ്ധതികൾക്കുള്ള തുക സർക്കാരിൽ നിന്നും ലഭ്യമാകണമെങ്കിൽ 2018-19 വർഷത്തെ വികസനഫണ്ട് 100% ചെലവഴിക്കേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ നാല് യോഗങ്ങൾ 27.04.2017, 16.05.2017, 03.02.2018, 02.03.2018 എന്നീ തീയതികളിൽ ചേർന്നിരുന്നു. ഇതിൽ ഒന്നാമത്തെ യോഗത്തിൽ 100 പ്രവൃത്തികൾ തെരെഞ്ഞെടുത്തത് മിനട്സിൽ എഴുതിച്ചേർത്തിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ക്രിയാത്മകമായ ചർച്ചകളും, ആസൂത്രണവും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പ്രവൃത്തികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയതുമില്ല.

മരാമത്ത് പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.02.2018, 02.03.2018 എന്നീ തിയതികളിലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. കൂടാതെ ഭരണസമിതിയുടെ 27.02.2018 ലെ 1 ാം നമ്പർ തീരുമാന പ്രകാരം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിന് മെമ്പർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ തീരുമാനങ്ങൾ ഒന്നും തന്നെ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ഫലപ്രദമായി നടപ്പിലാക്കാത്തത് കാരണം പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ | 4,00,000 | -- |
| | 2016-17 | 7,00,000 | സമഗ്ര മാലിന്യ സംസ്കരണം | 1,92,500 | 5,07,500 |
| | 2017-18 | 3,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 3,00,000 | -- |
| | 2017-18 | 3,00,000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | -- |
| | 2016-17 | 1,50,000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(തുക നൽകൽ) | 1,50,000 | -- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 2017-18 | 5,00,000 | എടക്കുനി കുടിവെള്ള പദ്ധതി | -- | 5,00,000 |
| | 2017-18 | 42,500 | നെൽകൃഷിക്ക് വിത്ത് കുമ്മായം, രാസവളം കൂലിചെലവ് | 42,500 | -- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 42,500 | നെൽകൃഷിക്ക് വിത്ത് കുമ്മായം, രാസവളം കൂലിചെലവ് | 42,500 | -- |
| | 2017-18 | 3,00,000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | -- |
| | 2017-18 | 1,25,000 | മുട്ടഗ്രാമം | 1,01,875 | 23,125 |
| | 2017-18 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | -- |
| | 2017-18 | 5,00,000 | ഈന്തുകണ്ടി | 5,00,000 | -- |

| | | | | | |
|---|---|---|---|---|---|
| | | | കുടിവെള്ള പദ്ധതി | | |

നിരവധി സംയുക്ത പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നുണ്ടെങ്കിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം പദ്ധതിയിൽ പങ്കാളിയാകുന്ന മറ്റു തദ്ദേശ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.ഡബ്ലിയൂ.എ. | വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 1,00,000 | -- | 1,00,000 |
| കെ.എസ്.ഇ.ബി. | പൊൻപറകാരായി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | 31,720/- | -- | 31,720/- |
| പി.ഡബ്ലിയൂ.ഡി. | പട്ടേരി അൻഗൻവാടി വിഹിതം നൽകൽ | 5,80,000 | -- | 5,80,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി. ലോൺവായ്പയിനത്തിൽ 42,71,850/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം എടുത്തത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി ലോൺ | 646/10 തിയ്യതി 25.02.2010 | -- | 20,61,973 | 8,00,000 | | 12,61,973 |
| കെ.യു.ആർ.ഡി. എഫ്.സി.ലോൺ (ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്) | 2442/16 തിയ്യതി 19.09.2014 | 42,71,850 | 2,02,17,600 | 30,40,799 | 21,85,878 | 2,14,48,651 |

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായെടുക്കുന്ന കെ.യു.ആർ.ഡി.എഫ്.സി. ലോൺ സംബന്ധിച്ചും, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ അപാകതകളെ സംബന്ധിച്ചും റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്ത് പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17,82,160 |
| തൻവർഷം നിക്ഷേപിച്ച തുക | 1,50,778 |
| ആകെ | 19,32,938 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 45,000 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,87,938 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1. | കെ.ഡി.സി.ബാങ്ക് മാവൂർ | 29.10.17 | 1വർഷം | 13,02,719 |
| 2. | കെ.ഡി.സി.ബാങ്ക് മാവൂർ | 18.12.2017 | -ടി- | 85,219 |
| 3. | സബ് ട്രഷറി പുതിയറ | 22.9.2017 | -ടി- | 5,00,000 |
| ആകെ | | | | 18,87,938 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-00 | 40 | 2003-04 | 11.13.1.2 (പൊതു പരാമർശം) | ക്ഷീരോൽപാദന ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. | |
| 1999-00 | 27 | 2003-04 | 11.13.7.6 (പൊതു പരാമർശം | നികുതി കാലഹരണപ്പെട്ടു. | |
| 2000-01 | 30, 31 | 2003-04 | 11.13.7.6 | നികുതി കാലഹരണപ്പെട്ടു. | |
| 2001-02 | --- | 2003-04 | 11.14 (മറ്റു പരാമർശങ്ങൾ) | കക്കൂസ് നിർമ്മാണം അപാകതകൾ | |
| 1999-2000 | 39 | 2003-04 | 11.14 (മറ്റു പരാമർശങ്ങൾ) | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്- അധികം നല്കിയ തുക തിരിച്ചു വാങ്ങാത്തത് | |
| | 41 | 2003-04 | | വിഭവ ഭൂപടം-അപാകത | |
| | 44 | 2003-04 | | ഊർക്കടവ് തെങ്ങു കൃഷി ജലസേചന പദ്ധതി പൂർത്തിയാ | |

| | | | | | |
|---|---|---|---|---|---|
| | | | | ക്കാത്തത്. | |
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹര ണപ്പെട്ടു | |
| 2002-03 | 2-2 | 2006-07 | 3.79.2.6 | ലേല തുക പിരിച്ചെടുത്തില്ല | |
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | |
| 2002-03 | 2-4, 2-5, 2-6,2-7 (a,b,c), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. | |
| പ്രവർത്തനാവലോകനം ജല സ്രോതസ്സുകളുടെ സംരക്ഷണവും കടിവെള്ള പദ്ധതികളും | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | |
| | -- | 2013-14 | 5.1.5(4) | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | |

| | | | | | |
|---|---|---|---|---|---|
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല | |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. | |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാ പഠനം നടത്താതെ കുടിവെള്ള പദ്ധതി ആരംഭിക്കുന്നു. | |
| | | | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. | |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ | |
| " | | 2013-14 | 5.1.5.13 | കുടിവെള്ള | |

| | | | | | |
|---|---|---|---|---|---|
| | | | | വിതരണം | |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാൻറുകളിൽ നിന്നും തുക കുറവുചെയ്യുന്നു. | |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,86,50,765 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,70,17,540 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17,280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 26,91,450 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17,280 | ശ്രീ.ടി.എം. വിനോദ്കുമാർ, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,82,100 | ശ്രീ.ഷാമിൽ.ഇ, അസി.സെക്രട്ടറി |
| 3-5 | 1,50,000 | |
| 3-6 | 1,49,900 | എം.എ. റഷീദ്, സെക്രട്ടറി |
| 3-7 | 3,12,500 | ഡോ.മിഥുല റോയ്<br>വെറ്റിനറി സർജ്ജൻ |
| 3-9 | 5,80,000 | ശ്രീമതി.അഞ്ജു ആനന്ദ്,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-15 | 1,31,720 | എം.എ. റഷീദ്, സെക്രട്ടറി |
| 3-20 | 10,65,000 | 10,00,000 - എം.മധു, ഹെഡ്മാസ്റ്റർ<br>65,000 – എം.എ. റഷീദ്, സെക്രട്ടറി |
| 3-23 | 20,230 | ശ്രീമതി. ജയശ്രീ.എം.എ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | 26,91,450 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .എം.എ റഷീദ് | സെക്രട്ടറി | ചെറിയോങ്ങൽ വീട്, എളേറ്റിൽ പി.ഒ., കൊടുവള്ളി |
| ശ്രീ.വി.എം. വിനോദ് കുമാർ | അസി.സെക്രട്ടറി (ഇൻചാർജ്ജ്) | സായിശ്രീ, വെള്ളങ്ങോട്ട് പറമ്പ് ഹൌസ്, മലാപറമ്പ് |
| ശ്രീ.ഷാമിൽ.ഇ | അസി.സെക്രട്ടറി | എരേച്ചൻകണ്ടി, കാരപറമ്പ്, കോഴിക്കോട് |
| ഡോ.മിഥുല റോയ് | വെറ്റിനറി സർജൻ | ഹൌസ് നമ്പർ 2, ഫീൽഡ് വ്യൂ കോളനി, ചേവായൂർ പി.ഒ, കോഴിക്കോട് |

| | | |
|---|---|---|
| | | |
| ശ്രീ.എം.മധു | ഹെഡ്മാസ്റ്റർ | ചൈത്രം വീട്,<br>പൊറ്റശ്ശേരി,<br>മണാശ്ശേരി<br>പി.ഒ,<br>മുക്കം |
| ശ്രീമതി.എം.എ.<br>ജയശ്രീ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | വിഷ്ണുകൃപ വീട്,<br>വെള്ളിപറമ്പ്<br>പി.ഒ,<br>കോഴിക്കോട് |
| ശ്രീമതി.അഞ്ജു<br>ആനന്ദ് | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ആരതി,<br>കുടാളി പി.ഒ,<br>കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി3/1733/11(1) തീ.10.11.11 | 25 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/1706(2)/13 | 27, 39, 40, 41, 44 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/1706(3)/13 | 30, 31 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/806/14(1) | 2-1, 2-4, 3-1, 3-3, 3-6, 3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/806/14(2) തീ.10.11.14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-6, 3-7, 3-10, 3-12, 3-13, 3-15 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/806/14(3) തീ.10.11.14 | 3-6, 4-6, 4-8 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/806/14(4) തീ.10.11.14 | 2-3, 3-2, 3-3, 3-4,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/664/15(1) തി:13.1.16 | 2-16 to 2-22, 2-25, 3-10, 3-12(1), 3-13(എ), 3-20, 3-21,3-22 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/664/15(2) തി:13.1.16 | 2-21, 3-6, 3-8, 3-11, 3-12,(2), 3-14, 3-16(1)(2) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/664/15(3) തി:13.1.16 | 3-10, 3-15, 3-14 |
| 2009-10, 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/664/15(4) തി:13.01.16 | 2-5(2) [1,2,3,5,6],3-2, 3-3, 3-5, 3-8, 3-9, 3-10, |

| | | |
|---|---|---|
| | | 3-11,3-13(2) to 3-13(6), 3-17 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി3/262/15 തീ.14.07.15 | 1-5, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-23, 4-7 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി.പി3/404/16 തി:15.03.16 | 2-1 (1മുതൽ -20 വരെ), 22, 2-1(2), 2-2(1), (2), (5), 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/1562/17 തി:02.06.17 | 2-1, 2-2, 3-1,3-2, 3-3, 3-4, 3-6, 3-7, |

| | | |
|---|---|---|
| | | 3-8, 3-9, 3-10, 3-11, 3-12, 4-1, 4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/317/17 തി:9.5.12 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-20, 3-22, 3-23, 4-2 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/1371/18 തി:23.06.17 | 3-2, 3-5, 3-7, 3-8, 3-9, 3-10, 3-15, 3-17, 3-18, 3-19, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.കെ.ഡി/പി4/2669/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:05.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്